248/2011
28-05-2011

# ഇടയലേഖനം-111

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരെ,**

പുതിയ മതബോധന വർഷത്തിലേക്ക് നമ്മൾ പ്രവേശിച്ചുകഴിഞ്ഞു. ഈ വർഷത്തെ പ്രത്യേക പരിചിന്തന വിഷയം "പോകുവിൻ, പ്രഘോഷിക്കുവിൻ" എന്നതാണ്. സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഈശോ ശിക്ഷ്യന്മാരോട് കല്പിച്ചു: "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുകയും ഞാൻ കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുവിൻ" (മത്താ. 28:19 –20). ഈ കല്പനപ്രകാരം സഭ അവളുടെ മക്കൾക്കുവേണ്ടി നടത്തുന്ന പ്രേഷിത പ്രവർത്തനങ്ങളെല്ലാം മതബോധനമാണ്. വിശ്വാസത്തിന്റെ അതിമഹത്തായ പ്രഘോഷണമാണ് മതബോധനം. യേശുവിനെ അറിയുവാനും സ്നേഹിക്കുവാനും അവിടുത്തേക്ക് സാക്ഷ്യം വഹിക്കുവാനുമുള്ള പരിശീലനം – അതായത് വിശ്വാസജീവിത പരിശീലനമാണ് മതബോധനത്തിലൂടെ നൽകേണ്ടത്.

വിശ്വാസപ്രഘോഷണമായ മതബോധന ശുശ്രൂഷയിൽ പങ്കുചേരാൻ എല്ലാ ക്രൈസ്തവരും ചുമതലപ്പെട്ടവരാണ്. മുഴുവൻ ദൈവജനത്തിന്റെയും കൂട്ടുത്തരവാദിത്വമാണ് മതബോധനം. ഈ ഉത്തരവാദിത്വം പ്രധാനമായും കുടികൊള്ളുന്നത് മെത്രാന്മാരിലും അവരുടെ സഹപ്രവർത്തകരായ വൈദികരിലുമാണ്. എന്നാൽ, അവരുടെ പ്രവർത്തനം ഫലപ്രദമാകണമെങ്കിൽ അല്മായരുടെ സഹകരണം അത്യാവശ്യമാണ്. മതബോധന രംഗത്ത് പ്രവർത്തിക്കുന്ന ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും സേവനം അഭിനന്ദനാർഹവും അനുഗ്രഹപ്രദവുമാണ്. അതുവേണ്ടത്ര ഫലപ്രദമാകുന്നുണ്ടോയെന്ന് ഗൗരവമായി വിലയിരുത്തേണ്ടിയിരിക്കുന്നു.



അറിവിന്റെ തലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന മതബോധനം അതിന്റെ ലക്ഷ്യം പ്രാപിക്കുന്നില്ല. കുട്ടികളെ അറിവിന്റെ തലത്തിൽ നിന്ന് ബോധ്യത്തിലേക്കും ബോധ്യത്തിൽ നിന്ന് മനോഭാവത്തിലേക്കും മനോഭാവത്തിൽ നിന്ന് ജീവിത ശൈലിയിലേക്കും മതബോധനം നയിക്കണം. മതബോധനം വഴി നടക്കേണ്ടത് വിശ്വാസജീവിത പരിശീലനമാണ്. ക്രിസ്തുവുമായി വ്യക്തിബന്ധം പുലർത്തുവാനും ക്രിസ്തുകേന്ദ്രീകൃത ജീവിതശൈലി സ്വന്തമാക്കുവാനും മതബോധനം കുട്ടികളെ സഹായിക്കണം. മാമ്മോദീസയിലെ വിശ്വാസപ്രഖ്യാപനത്തിൽ നിന്നാരംഭിക്കുന്ന മതബോധനം ബോധപൂർവ്വകവും ഹൃദയപൂർവ്വകവുമായ വിശ്വാസപ്രഖ്യാപനത്തിലേക്ക് കുട്ടികളെ നയിക്കണം.

പത്തും പന്ത്രണ്ടും വർഷം മതബോധനം സ്വീകരിച്ചവരിൽ ചിലരെങ്കിലും വിശ്വാസാനുസരണം ജീവിക്കുന്നില്ലെങ്കിൽ അഥവാ മതപരമായ കാര്യങ്ങളോട് നിസ്സംഗത പുലർത്തുന്നെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം മതബോധനം ഫലപ്രദമായിട്ടില്ല. മതബോധനം വഴിയായി വിശ്വാസത്തിൽ വളരുവാനും പക്വത പ്രാപിക്കുവാനും അവർക്ക് സാധിക്കാതെ പോയി. മതബോധന പരീക്ഷകളിൽ പ്രശസ്ത വിജയം നേടിയവരിൽ ചിലരെങ്കിലും വിശ്വാസജീവിതം നയിക്കുന്നതിൽ എന്തുകൊണ്ട് പരാജയപ്പെടുന്നു എന്ന ചോദ്യം പ്രസക്തമാണ്. ചൂണ്ടിക്കാണിക്കാൻ കാരണങ്ങൾ പലതുണ്ട്: ഭൗതികതയുടെ അതിപ്രസരവും അതിന്റെഫലമായി പ്രബലപ്പെടുന്ന ഉപഭോഗസംസ്ക്കാരവും മതനിരപേക്ഷതയും മാധ്യമങ്ങളുടെ കടന്നുകയറ്റവും ദുരുപയോഗവും അതുവഴി സംഭവിക്കുന്ന മൂല്യതകർച്ചയും അണുകുടുംബങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും പ്രതികൂല സാഹചര്യങ്ങളും. ഇവയെല്ലാം ഇന്നത്തെ സമൂഹം നേരിടുന്ന വെല്ലുവിളികൾ തന്നെയാണ്. വിശ്വാസം ജീവിക്കാത്തവരും വിശ്വാസപരിശീലനം നൽകാത്തവരുമായ മാതാപിതാക്കളുണ്ട്. അവരുടെ നിസ്സംഗതയും ചിലരുടെ ദുർമാതൃകയും കുട്ടികൾക്ക് വിശ്വാസജീവിതം നയിക്കുന്നതിന് തടസ്സം സൃഷ്ടിക്കാറുണ്ട്. ചില വൈദികരും മതാധ്യാപകരും മതബോധനത്തിന് വേണ്ടത്ര തീക്ഷ്ണത കാണിക്കുന്നില്ല എന്ന ആരോപണവുമുണ്ട്.

മറ്റു വ്യക്തികളേയും ഇന്നത്തെ സാഹചര്യങ്ങളെയും പഴിക്കുന്ന നമ്മൾ മതബോധനം ദൈവജനത്തിന്റെ മുഴുവൻ കൂട്ടുത്തരവാദിത്വമാണെന്നും അതുകൊണ്ട് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നുമുള്ള കാര്യം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. നാം ഓരോരുത്തരും നമ്മുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ലെങ്കിൽ അതിന്റെ കുറവ് സമൂഹത്തിൽ അനുഭവപ്പെടും. 1930കളിൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രം ഒരു ലേഖനമത്സരം നടത്തി. ഇന്നത്തെ ലോകത്തിന്റെ ദുഃസ്ഥിതിക്ക് കാരണമെന്താണ് എന്നതായിരുന്നു വിഷയം. ഏറ്റം ഹൃസ്വമായ ലേഖനത്തിന് സമ്മാനം കൊടുക്കുമെന്ന് സൂചിപ്പിച്ചിരുന്നു. പലരും മത്സരത്തിൽ പങ്കെടുത്തു. സുപ്രസിദ്ധ വാഗ്മിയും പണ്ഡിതനും ഉറച്ച കത്തോലിക്കാ വിശ്വാസിയുമായിരുന്ന ജി.കെ. ചെസ്റ്റർടണിനാണ് സമ്മാനം ലഭിച്ചത്. അദ്ദേഹത്തിന്റെ ലേഖനത്തിന് രണ്ട് വാക്കുകൾ മാത്രമാണുണ്ടായിരുന്നത്: "I am"; "ഞാൻ ആകുന്നു." ഇന്നത്തെ ദുസ്ഥിതിക്ക് കാരണക്കാരൻ താനുമാണെന്ന് അദ്ദേഹം ഏറ്റുപറഞ്ഞു. യുവജനങ്ങൾ വിശ്വാസം ജീവിക്കുന്നില്ലെങ്കിൽ അഥവാ വിശ്വാസകാര്യങ്ങളിൽ നിസ്സംഗത പുലർത്തുന്നെങ്കിൽ അതിന്റെ കാരണക്കാർ നാം ഓരോരുത്തരുമാണ്.

വിശ്വാസികളായവർ വിശ്വാസം ജീവിക്കുകയും അതിന് സാക്ഷ്യം വഹിക്കുകയും പങ്കുവയ്ക്കുകയും വിശ്വാസം പരിശീലിപ്പിക്കുകയും ചെയ്യാത്തതാണ് വിശ്വാസക്ഷയത്തിന്റെ പ്രധാനകാരണമെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പറയുകയുണ്ടായി. പങ്കുവയ്ക്കുന്ന വിശ്വാസത്തിനേ വളർച്ചയുള്ളു. വിശ്വാസം വളരുവാനും വിശ്വാസത്തിൽ വളരുവാനും അത് പങ്കുവയ്ക്കപ്പെടണം. പങ്കുവയ്ക്കാത്ത വിശ്വാസം ക്ഷയിക്കുന്നു. പല വിദേശരാജ്യങ്ങളിലും സംഭവിക്കുന്നത് അതാണ്. അവിടെയൊക്കെ കാലക്രമത്തിൽ വന്ന വിശ്വാസമാന്ദ്യം നമ്മുടെ നാട്ടിലും ദ്രുതഗതിയിൽ വന്നുകൊണ്ടിരിക്കുന്നു. നമുക്ക് ദാനമായി കിട്ടിയ വിശ്വാസം നമ്മുടെ കുട്ടികൾക്ക് ദാനമായി നമ്മൾ നൽകണം. ഈ ദാനത്തിന്റെ മാഹാത്മ്യം വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും മതബോധന ക്ലാസ്സുകളിലൂടെയും നാം അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കണം. അത് നമ്മുടെയെല്ലാവരുടെയും അനുപേക്ഷണീയമായ ഉത്തരവാദിത്വമാണ്. ഈ മഹനീയ ദാനം അവർക്കു നൽകാതെ എന്തുമാത്രം ധനം നൽകിയാലും അവരുടെ ജീവിതം ധന്യമാവുകയില്ല.



വിശ്വാസജീവിതത്തിന്റെ ബാലപാഠങ്ങളും അടിസ്ഥാന തത്വങ്ങളും കുട്ടികൾ പഠിക്കേണ്ടത് മാതാപിതാക്കളിൽനിന്നാണ്. അവരാണ് കുട്ടികളുടെ ആദ്യത്തെ മതാധ്യാപകർ. മതബോധനം ആരംഭിക്കേണ്ടത് കുടുംബങ്ങളിലാണ്. കുടുംബമതബോധനം ഫലപ്രദമായെങ്കിൽ മാത്രമെ ഇടവകയിലെ മതബോധനം ഫലപ്രദമാവുകയുള്ളു. പള്ളിയും പള്ളിക്കൂടവുമാണ് മതബോധനത്തിന്റെ പ്രധാന ഉത്തരവാദികളെന്ന ധാരണ ശരിയല്ല. മാതാപിതാക്കളിടുന്ന അടിസ്ഥാനത്തിൽ പണിതുയർത്തുവാനെ മതാധ്യാപകർക്ക് കഴിയൂ. കുട്ടികളുടെ പ്രായത്തിന് ചേർന്നവിധം ജീവിതാനുഭവങ്ങളിലൂടെയും ഉപദേശങ്ങളിലൂടെയും വിശ്വാസം പങ്കുവച്ചാണ് കുടുംബമതബോധനം നടത്തേണ്ടത്. കുട്ടികൾ കണ്ടും കണ്ടതുപോലെ ചെയ്തും പഠിച്ചു തുടങ്ങുന്ന പ്രായത്തിൽ മാതാപിതാക്കൾ അവരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണം. കൂദാശകളുടെ അനുഷ്ഠാനങ്ങൾ കാണിച്ചുകൊടുക്കുകയും വിശദീകരിച്ചു കൊടുക്കുകയും ചെയ്യണം. ദൈവവചനം വായിച്ചുകേൾപ്പിക്കണം. ദൈവവചനം പാരായണം ചെയ്യാനും ഗ്രഹിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കണം. പരസ്പരം സ്നേഹിക്കുവാനും നന്മചെയ്യുവാനും അവരെ അഭ്യസിപ്പിക്കണം. മാതാപിതാക്കളുടെ മാതൃക ഇവിടെ വളരെയേറെ പ്രാധാന്യമർഹിക്കുന്നു. മതബോധനം മാതാപിതാക്കളുടെ കടമയും അതുൾക്കൊണ്ട് വളരുക മക്കളുടെ അവകാശവുമാണ്.

കഴിഞ്ഞ വിഭൂതിദിവസമുണ്ടായ ഒരു സംഭവം പങ്കുവയ്ക്കാം. നമ്മുടെ കത്തീഡ്രലിൽ ഞാൻ ഓരോരുത്തരുടെയും നെറ്റിയിൽ കുരിശ് വരച്ചുകൊടുക്കുകയായിരുന്നു. ജനങ്ങൾ നിരയായി എന്റെ പക്കലേക്ക് വന്നുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ ഒരു സ്ത്രീ തന്റെ ഒരു വയസ്സ് തോന്നിക്കുന്ന കുഞ്ഞിനെ കയ്യിലെടുത്ത് എന്നെ സമീപിച്ചു. ആദ്യം കുഞ്ഞിനെ എന്റെ നേരെ നീട്ടി. കുഞ്ഞിന്റെ നെറ്റിയിൽ കുരിശ്ശുവരക്കാൻ തുടങ്ങിയപ്പോൾ കുഞ്ഞ് തലതിരിച്ചുകളഞ്ഞു. ആ സ്ത്രീയുടെ മാത്രം നെറ്റിയിൽ കുരിശ്ശുവരച്ചു. കുറച്ചു കഴിഞ്ഞപ്പോൾ വേറൊരു സ്ത്രീ ഏതാണ്ട് ഒരുവയസ്സു തന്നെ തോന്നിക്കുന്ന കുഞ്ഞിനെയും കയ്യിലെടുത്തുകൊണ്ടുവന്നു. ആ സ്ത്രീ സ്വന്തം നെറ്റിയിൽ ആദ്യം കുരിശ്ശുവരപ്പിച്ചു. കുഞ്ഞ് അത് സൂക്ഷിച്ചുനോക്കുന്നുണ്ടായിരുന്നു. അതിനുശേഷം കുഞ്ഞിന്റെ നെറ്റിയിൽ കുരിശ്ശുവരയ്ക്കാൻ ഞാൻ ശ്രമി

ച്ചപ്പോൾ യാതൊരുതടസ്സവും ഉണ്ടായില്ല. മാതാപിതാക്കളുടെ വിശ്വാസാനുസൃതമായ പ്രവൃത്തികൾ കണ്ട് കുട്ടികൾ അവരെ അനുകരിക്കുന്നു. വിശ്വാസം ജീവിച്ചു കാണിച്ചുകൊടുക്കുകയാണ് വിശ്വാസജീവിത പരിശീലനത്തിനുള്ള ഏറ്റം ഫലപ്രദമായ മാർഗ്ഗം.

എല്ലാ ക്രൈസ്തവർക്കുമുള്ള പ്രേഷിതദൗത്യം വിശേഷവിധിയായി സ്വീകരിക്കുന്നവരാണ് മതാധ്യാപകർ. അവർ സഭയുടെ ശുശ്രൂഷകരാണ്. സഭയോട് ചേർന്നുനിന്നും സഭാപ്രബോധനങ്ങളോട് വിശ്വസ്തത പുലർത്തിയും അവർ ശുശ്രൂഷചെയ്യണം. അവർ വിശ്വാസരഹസ്യങ്ങളെപ്പറ്റി ശരിയായ അറിവും ഉറച്ച വിശ്വാസവുമുള്ളവരാകണം. വിശ്വാസജീവിതത്തിൽ നിന്ന് ഉരുത്തിരിയുന്ന ബോധ്യങ്ങൾ അവർക്കുണ്ടാകണം. പറഞ്ഞുകൊടുത്ത് പഠിപ്പിക്കുന്നതോടൊപ്പം ജീവിതസാക്ഷ്യം വഴി അവർ കുട്ടികളെ പഠിപ്പിക്കണം. "ആധുനിക മനുഷ്യൻ താല്പ്പര്യപൂർവ്വം ശ്രവിക്കുന്നത് ആധ്യാപകരെക്കാൾ സാക്ഷ്യം നൽകുന്നവരെയാണ്; അവർ അധ്യാപകരെ ശ്രവിക്കുന്നുണ്ടെങ്കിൽ തന്നെ അത് അവർ സാക്ഷ്യം നൽകുന്നതുകൊണ്ടാണ് എന്ന് പോൾ ആറാമൻ പാപ്പായുടെ വാക്കുകൾ മതാധ്യാപകരെല്ലാം ഓർത്തിരിക്കേണ്ടതാണ്. പാഠപുസ്തകങ്ങളിലൂടെ കത്തോലിക്കാ വിശ്വാസപഠനങ്ങളെ തരംതാഴ്ത്തിക്കാണിക്കാനും സഭയെ അവഹേളിക്കാനും തല്പരകക്ഷികൾ നടത്തുന്ന ഗൂഢനീക്കങ്ങൾ മതാദ്ധ്യാപകർ തിരിച്ചറിയേണ്ടിയിരിക്കുന്നു. മുൻവിധികളില്ലാതെ സഭാചരിത്രം പഠിച്ചറിഞ്ഞ് പക്വമായ വിധത്തിൽ കുട്ടികളുടെ പ്രായത്തിനനുസരിച്ച് അവ വിശദീകരിച്ച് കൊടുക്കാൻ അവർക്ക് കഴിയണം.

വിശ്വാസപരിശീലനം സഭയുടെ വിശ്വാസ പൈതൃകത്തിലുള്ള പരിശീലനമാണ്. നമ്മുടെ ആരാധനാക്രമത്തിന്റെ സവിശേഷതയും സമ്പന്നതയും മനസ്സിലാക്കി വി. കുർബാനയിലും ഇതര കൂദാശകളിലും തിരുക്കർമ്മങ്ങളിലും സജീവമായി പങ്കെടുക്കുവാൻ വിശ്വാസികളെ പ്രത്യേകിച്ച് കുട്ടികളെ നാം പരിശീലിപ്പിക്കണം. വിശ്വാസത്തിന്റെ പ്രഘോഷണവും ആഘോഷവുമാണല്ലോ ദൈവാലയത്തിൽ നടക്കുന്ന തിരുക്കർമ്മങ്ങൾ. അവ ഏറ്റം ഫലപ്രദമായ വിശ്വാസപരിശീലന വേദിയാക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താല്പ്പര്യമെടുത്ത് പ്രവർത്തിക്കണം. കുടുംബയൂണിറ്റുകൾ വിശ്വാസപരിശീലന വേദികളായി മാറണം. മതബോധനം കുട്ടികൾക്ക് മാത്രമല്ല, മുതിർന്നവർക്കും



നൽകേണ്ടതാണ്. ക്രിയാത്മകവും ഫലപ്രദവുമായ രീതിയിൽ സഭാവിജ്ഞാനവും വിശ്വാസപരിശീലനവും അവർക്ക് നൽകാൻ ദൈവാലയത്തിലെ വചന ശുശ്രൂഷയും ബലിയർപ്പണവും കുടുംബയൂണിറ്റുകളിലെ പ്രാർത്ഥനകളും ക്ലാസ്സുകളും ചർച്ചകളും പ്രയോജനപ്പെടുത്തണം.

പ്രിയപ്പെട്ട കുട്ടികളേ, യുവജനങ്ങളെ, സുഹൃത്തുക്കളെ, നിങ്ങൾ വിശ്വാസപരിശീലനം നേടാൻ താല്പ്പര്യമെടുക്കണം. ക്രിസ്തുവിനെ അറിയാനും സ്നേഹിക്കാനും അനുഗമിക്കാനും നിങ്ങൾ തയ്യാറാകണം. ക്രിസ്തുവിന്റെ പക്കലാണ് ജീവന്റെ വചനമുള്ളത്; അവിടുന്നാണ് വഴിയും സത്യവും ജീവനും. നിങ്ങൾ വേറെ എവിടെപോയാലും സന്തുഷ്ടരാവുകയില്ല. എല്ലാറ്റിനും പ്രതിവിധിയും ഉത്തരവും അവിടുത്തെ പക്കലാണ്. യേശുവിനെ കാണാനും അനുഭവിക്കാനുമുള്ള അവസരങ്ങൾ നിങ്ങൾ പാഴാക്കരുത്. അവിടുത്തെ തിരുമുഖം നിങ്ങളുടെ തെറ്റായ ജീവിതംവഴി വികൃതമാക്കരുത്. യേശുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കണം. അവിടുത്തെ സജീവസാക്ഷികളായിത്തീരണം നിങ്ങൾ. അതിനുള്ള അനുഗ്രഹം ഈശോ നിങ്ങൾക്കും വിശ്വാസപരിശീലനം നൽകുന്നവർക്കും പ്രദാനം ചെയ്യട്ടെ. ''പോകുവിൻ, പ്രഘോഷിക്കുവിൻ''. പ്രേഷിത തീക്ഷ്ണത നിറഞ്ഞ വിശ്വാസപരിശീലന പ്രവർത്തനത്തിനായി ഈ വർഷാരംഭത്തിൽ തന്നെ നമുക്ക് നമ്മെത്തന്നെ സ്വയം സമർപ്പിക്കാം.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **ജൂൺ 5-ാം** തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

249/2011
28-05-2011

# വിജ്ഞാപനം -103

## സീറോ-മലബാർ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി

മിശിഹായിൽ പ്രിയപ്പെട്ടവരെ,

സീറോ മലബാർ സഭയുടെ മൂന്നാമത്തെ മേജർ ആർച്ചു ബിഷപ്പായി മാർ ജോർജ്ജ് ആലഞ്ചേരി 2011 മെയ് 29ന് സ്ഥാനാരോഹണം ചെയ്ത വിവരം നിങ്ങളെല്ലാവരും അറിഞ്ഞുകഴിഞ്ഞല്ലോ. 2011 മെയ് 23ന് തുടങ്ങിയ സീറോ മലബാർ മെത്രാൻ സിനഡാണ് അദ്ദേഹത്തെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുത്തത്. പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അംഗീകാരം ലഭിച്ചശേഷം മെയ് 26ന് ഉച്ചകഴിഞ്ഞ് 3.30ന് വത്തിക്കാനിലും കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിലും തെരഞ്ഞുടുപ്പുവിവരം പരസ്യപ്പെടുത്തി. ദിവംഗതനായ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ പിൻഗാമിയായിട്ടാണ് മാർ ജോർജ്ജ് ആലഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടത്. മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ അദ്ദേഹം എറണാകുളം - അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തായും ആയി.

1992ൽ സീറോ മലബാർ സഭയ്ക്ക് മേജർ ആർക്കീപ്പിസ്കോപ്പൽ പദവി ലഭിച്ചശേഷം സിനഡ് തന്നെ തെരഞ്ഞെടുക്കുന്ന ആദ്യത്തെ മേജർ ആർച്ചു ബിഷപ്പാണ് മാർ ജോർജ്ജ് ആലഞ്ചേരി. അദ്ദേഹത്തിന്റെ മുൻഗാമികളായ കർദ്ദിനാൾ മാർ ആന്റണി പടിയറയെയും കർദ്ദിനാൾ മാർ വർക്കി വിതയത്തിലിനെയും മാർപാപ്പ നേരിട്ട് നിയമിക്കുകയാണുണ്ടായത്. മാർ ജോർജ്ജ് ആലഞ്ചേരി 2011 മെയ് 29ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.45ന് മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാന ദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്കായിൽവച്ച് സ്ഥാനാരോഹണം ചെയ്തു.





ചങ്ങനാശ്ശേരി അതിരൂപതയിലെ തുരുത്തി ഇടവകയിൽ ആലഞ്ചേരി പീലിപ്പോസ് - മേരി ദമ്പതികളുടെ പത്തുമക്കളിൽ ആറാമനായിട്ട് 1945 ഏപ്രിൽ 19ന് മാർ ജോർജ്ജ് ആലഞ്ചേരി ജനിച്ചു. ഗീവർഗ്ഗീസ് എന്നാണ് ജ്ഞാനസ്നാനപേർ. പ്രാഥമിക വിദ്യാഭ്യാസം തുരുത്തി സെന്റ് മേരീസ് സ്കൂളിലും ചങ്ങനാശ്ശേരി സെന്റ് ബെർക്ക്മാൻസ് ഹൈസ്ക്കൂളിലുമായിരുന്നു. 1961 ൽ ചങ്ങനാശ്ശേരി പാറേൽ മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. അവിടുത്തെ പരിശീലനത്തിന് ഇടയിൽ തന്നെ ചങ്ങനാശ്ശേരി ബെർക്ക്മാൻസ് കോളേജിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ രണ്ടാം റാങ്കോടെ ബി.എ. ബിരുദം നേടി. തുടർന്ന് ആലുവ സെന്റ് ജോസഫ്സ് സെമിനാരിയിൽ നിന്ന് തത്ത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി 1972 ഡിസംബർ 18ന് ചങ്ങനാശ്ശേരി അതിരൂപതക്കുവേണ്ടി തുരുത്തി സെന്റ് മേരീസ് പള്ളിയിൽവച്ച് കർദ്ദിനാൾ മാർ ആന്റണി പടിയറയിൽ നിന്ന് വൈദികകപട്ടം സ്വീകരിച്ചു. പിന്നീട് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ഒന്നാം റാങ്കിൽ ദൈവശാസ്ത്രത്തിൽ ബുരുദാനന്തര ബിരുദം നേടി. ആലുവായിലെ പഠനശേഷം ചങ്ങനാശ്ശേരി കത്തീഡ്രൽ അസി. വികാരി, ചങ്ങനാശ്ശേരി അതിരൂപതാ വിശ്വാസപരിശീലന ഡയറക്ടർ എന്നീ നിലകളിൽ സേവനം ചെയ്തു. അതിനുശേഷം പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ വിശ്വാസപരിശീലന കമ്മീഷന്റെ സെക്രട്ടറിയായും 3 വർഷം സേവനം ചെയ്തിട്ടുണ്ട്. 1981 മുതൽ 1986വരെ മാർ ജോർജ്ജ് ആലഞ്ചേരി ഫ്രാൻസിലെ സൊർഗോൺ സർവ്വകലാശാലയിലും കാത്തലിക് ഇൻസ്റ്റിറ്റ്യൂട്ടിലും പഠിച്ച് ബൈബിൾ ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം സമ്പാദിച്ചു.

ഉപരിപഠനത്തിനുശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ മാർ ജോർജ്ജ് ആലഞ്ചേരി 1986 മുതൽ 1993വരെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ ഡയറക്ടറും കേരളാ മെത്രാൻ സമിതിയുടെ (കെ.സി.ബി.സി.) ഡെപ്യൂട്ടി സെക്രട്ടറിയായും ശുശ്രൂഷചെയ്തു. 1986 മുതൽ 1997 വരെ കോട്ടയം വടവാതൂർ സെമിനാരിയിലെ പ്രൊഫസറായും

സേവനം ചെയ്തു. 1994 മുതൽ 1996വരെ ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായിരുന്നു. 1996 നവംബർ 11ന് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ തക്കല രൂപത സ്ഥാപിച്ചപ്പോൾ അതിന്റെ പ്രഥമ മെത്രാനായി മാർ ജോർജ്ജ് ആലഞ്ചേരി നിയമിക്കപ്പെട്ടു. 1997 ഫെബ്രുവരി 2ന് തക്കലയിൽ വച്ച് അന്നത്തെ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന മാർ ജോസഫ് പവ്വത്തലിൽ നിന്ന് മെത്രാഭിഷേകം സ്വീകരിച്ചു. സീറോ മലബാർ സഭയുടെ മെത്രാൻ സിനഡിന്റെ സെക്രട്ടറി, വിശ്വാസപരിശീലന കമ്മീഷൻ ചെയർമാൻ, ഭാരത മെത്രാൻ സമിതിയുടെ (സി.ബി.സി.ഐ.) അല്മായ കമ്മീഷന്റെ ചെയർമാൻ എന്നീ നിലകളിൽ മാർ ജോർജ്ജ് ആലഞ്ചേരി സേവനം ചെയ്തിട്ടുണ്ട്.

ലോകമെമ്പാടുമായി നാൽപ്പതുലക്ഷത്തോളം അംഗങ്ങളുള്ള സീറോ മലബാർ സഭയുടെ ആത്മീയാചാര്യനായിട്ടാണ് മാർ ജോർജ്ജ് ആലഞ്ചേരി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി വിവേകവും വിശുദ്ധിയും വിജ്ഞാനവുമുള്ള ഒരു വലിയ ഇടയനെ ദൈവം സഭയ്ക്ക് നൽകി. അതിന് നമുക്ക് ദൈവത്തിന് നന്ദിപറയാം. പാലക്കാട് രൂപതാംഗങ്ങളുടെ പേരിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയും നമ്മുടെ പ്രാർത്ഥനാസഹായം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഏറ്റം ഫലപ്രദവും അനുഗ്രഹപ്രദവുമായ വിധം നമ്മുടെ സഭയുടെ തലവനും പിതാവുമായി ശുശ്രൂഷചെയ്യാൻ വേണ്ട ദൈവകൃപ അദ്ദേഹത്തിന് സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ദൈവം അദ്ദേഹത്തെയും അദ്ദേഹത്തിലൂടെ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ വിജ്ഞാപനം **ജൂൺ 5-ാം** തീയതിയോ **ജൂൺ 12-ാം** തീയതിയോ ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.



*"പ്രാവിന്റെ കണ്ണുകളിലൂടെ . . ."*

# 2011 ജൂൺ 19 ബൈബിൾ ഞായർ

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയരേ,

അടുത്ത ഞായറാഴ്ച നമ്മൾ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിന് ഒരുക്കമായി ഒരാഴ്ച ബൈബിൾവാരമായും ആചരിക്കുന്നു. പെന്തക്കുസ്താദിനം മുതലുള്ള ഒരാഴ്ച ബൈബിൾവാരമായി നമ്മൾ കൊണ്ടാടുന്നത് എത്രയോ അർത്ഥവത്താണ്!

ദൈവാത്മാവും ദൈവവചനവും തമ്മിലുള്ള ബന്ധം സൃഷ്ടിയുടെ ആരംഭം മുതൽ തുടങ്ങുന്നതാണ്. 'ഉണ്ടാകട്ടെ' എന്ന ദൈവവചനത്തിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്. അതിനു തൊട്ടുമുൻപ് ദൈവാത്മാവ് ജലത്തിനുമീതെ ചരിച്ചുകൊണ്ടിരുന്നതായി ഉത്പത്തിപ്പുസ്തകം സാക്ഷിക്കുന്നു (1:2). എസെക്കിയേൽ പ്രവാചകന്റെ അസ്ഥികളോടുള്ള പ്രവചനവും ഇതിനോടു ബന്ധപ്പെടുത്തി വായിക്കണം (37:1-10). ദൈവാത്മാവാണ് പ്രവാചകനെ അസ്ഥികളുടെ താഴ്വരയിലേക്ക് നയിക്കുന്നത്. തുടർന്ന് കർത്താവിന്റെ വചനം ശ്രവിക്കുന്ന (37:4) അസ്ഥികളാണ് മാംസവും ജീവനും വച്ച് എഴുന്നേറ്റു നില്ക്കുന്നത്. ചുരുക്കത്തിൽ, ദൈവാത്മാവും ദൈവവചനവും ഒരുമിച്ചു പ്രവർത്തിക്കുന്നിടത്തൊക്കെ ജീവനുണ്ടാകുന്നു എന്നു സാരം.

ഈശോയെ മറിയം ഗർഭം ധരിച്ചത് ദൈവാത്മാവാലാണ്. ഈ മനുഷ്യാവതാരത്തെക്കുറിച്ച് യോഹന്നാൻ പറയുന്നത് വചനം മാംസം ധരിച്ചുവെന്നാണ്. ദൈവാത്മാവിന്റെയും ദൈവവചനത്തിന്റെയും പ്രവർത്തനം ഒരുമിച്ചു സംഭവിക്കുമ്പോഴാണ് ദൈവപുത്രൻ രൂപമെടുക്കുന്നത്. ബനഡിക്ട് പാപ്പാ പറയുന്നു: "കന്യകാമറിയത്തിന്റെ ഉദരത്തിൽ വചനം മാംസമാകാൻ പ്രവർത്തിച്ച അതേ അരൂപിതന്നെയാണ് തന്റെ ദൗത്യത്തിൽ ഉടനീളം യേശുവിനെ നയിച്ചത്. തന്റെ ശിഷ്യന്മാർക്ക് വാഗ്ദാനം ചെയ്തതും ഈ അരൂപിയെത്തന്നെയാണ്. പ്രവാചകന്മാരിലൂടെ സംസാരിച്ച അതേ അരൂപിതന്നെയാണ് ദൈവവചനം പ്രഘോഷിക്കുകയെന്ന അവളുടെ ദൗത്യം നിർവഹിക്കാൻ തിരുസഭയ്ക്ക് പ്രചോദനം നല്കുന്നതും. അപ്പസ്തോലന്മാരുടെ സുവിശേഷപ്രചാരണത്തിൽ അവർക്കു പ്രചോദനമാകുന്നതും വിശുദ്ധലിഖിതങ്ങളുടെ രചനയിൽ ഗ്രന്ഥകാരന്മാർക്ക് പ്രചോദനമായിരുന്നതും ഈ

അരൂപി തന്നെയാണ്" (വെർബും ദോമിനി, 15). വിശുദ്ധലിഖിതം മനസ്സിലാക്കാൻ "പ്രാവിന്റെ കണ്ണുകൾ" നമുക്കാവശ്യമാണെന്ന റിച്ചാർഡ് ഓഫ് സെന്റ് വിക്ടറിന്റെ വാക്കുകൾ നമുക്കു ധ്യാനിക്കാം.

ദൈവാത്മാവിന്റെ സഹായത്തോടെ ദൈവവചനം വായിക്കുമ്പോഴാണ് നമ്മിൽ ജീവൻ നിറയുന്നത്, നമ്മിൽ ക്രിസ്തു രൂപപ്പെടുന്നത്. ഇതിനുള്ള പരിശ്രമമാണ് നമ്മൾ നടത്തേണ്ടത്. ഈ കാര്യത്തിൽ നമുക്ക് വഴികാട്ടിയായി നില്ക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ പുതിയ അപ്പസ്തോലിക ആഹ്വാനം. അതിന്റെ പേര് 'കർത്താവിന്റെ വചനം' (വെർബും ദോമിനി) എന്നാണ്.

ഈ ലേഖനത്തിന്റെ പശ്ചാത്തലം 2008ൽ നടന്ന മെത്രാന്മാരുടെ സിനഡായിരുന്നു. അതിൽ ഞാനും പങ്കെടുത്തിരുന്നു. സഭാജീവിതത്തിൽ ദൈവവചനത്തിനുള്ള പങ്കിനെക്കുറിച്ചായിരുന്നു സിനഡ് ചർച്ച ചെയ്തത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രാദേശികസഭകൾ വചനപ്രഘോഷണത്തിനും സ്വാംശീകരണത്തിനും സ്വീകരിക്കുന്ന രീതികൾ അവിടെ പങ്കുവയ്ക്കപ്പെട്ടു. കേരളസഭയിലെ പ്രവർത്തനങ്ങളെ സന്തോഷത്തോടെയാണ് മെത്രാന്മാർ ശ്രവിച്ചത്. പ്രത്യേകിച്ച്, ലക്ഷക്കണക്കിന് ആൾക്കാർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് അവർക്കൊരു വിസ്മയമായിരുന്നു.

സിനഡിലെ നിർദ്ദേശങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ള മനോഹരമായൊരു ലേഖനമാണ് 'കർത്താവിന്റെ വചനം'. ദൈവവചനത്തോടു നമുക്കുണ്ടായിരിക്കേണ്ട സമീപനത്തിന്റെ മാർഗ്ഗരേഖയാണിത്. അതുകൊണ്ടു തന്നെ നമ്മൾ ഇതിനെ ഗൗരവമായി പഠിക്കുകയും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ചെയ്യണം.

ഈ ലക്ഷ്യത്തോടെയാണ് മെയ് 19, 20 തീയതികളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പി.ഒ.സി.യിൽവച്ച് ഇതിനെക്കുറിച്ചൊരു ശില്പശാല സംഘടിപ്പിച്ചത്. കേരളത്തിലെ ബൈബിൾ പണ്ഡിതരുടെ വലിയൊരു നിര തന്നെ ആ ശില്പശാലയെ സമ്പന്നമാക്കി. കൂടാതെ രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും ആനിമേറ്റേഴ്സും അതിൽ പങ്കെടുത്തിരുന്നു. ഇനി നമുക്ക് വേണ്ടത് ഈ രേഖയെക്കുറിച്ചുള്ള തുടർപഠനങ്ങളും ചർച്ചകളുമാണ്. രൂപതകളിലും ഇടവകകളിലും അത് നടക്കണം. പോരാ, കുടുംബക്കൂട്ടായ്മകളിലും പ്രാർത്ഥനാഗ്രൂപ്പുകളിലും സംഘടനാമീറ്റിംഗുകളിലുംവരെ ഇത് പഠനവിഷയമാകണം. നമ്മുടെ ഇത്തവണത്തെ ബൈബിൾ വാരാചരണം അതിനുള്ള അവസരമായി മാറട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

മറ്റൊരു കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ദൈവവചനപ്രചാരണരംഗത്തുള്ള കേരള കത്തോലിക്കരുടെ





കൂട്ടായ്മയാണ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി. ഏതൊരു കത്തോലിക്കനും ഇതിൽ അംഗമായി ചേരാവുന്നതാണ്. മിനിമം 500 രൂപയെങ്കിലും അടച്ചാൽ ആജീവനാന്ത അംഗമാകാം. അങ്ങനെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കുപറ്റാനും ഭരണസമിതിയിൽ പങ്കാളിയാകാനും വഴി തെളിയുന്നു. കഴിഞ്ഞവർഷം മാത്രം 725 അംഗങ്ങൾ കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളായി ചേർന്നു. ഇതിൽ അംഗങ്ങളാകാൻ നിങ്ങളെ ഓരോരുത്തരെയും ഞാൻ സ്വാഗതം ചെയ്യുന്നു. ജൂൺ 12 മുതൽ ജൂലൈ 7 വരെ തീവ്രാംഗത്വദിനങ്ങളായി നാം ആചരിക്കുകയാണ്. സൊസൈറ്റിയുടെ ജനറൽ ബോഡി യോഗം ജൂലൈ 9-ാംതീയതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് പി.ഒ.സി. യിൽ വച്ചു നടത്തുന്നതാണ്. ഈ യോഗത്തിലേക്ക് സൊസൈറ്റി അംഗങ്ങളെയെല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞവർഷം തപാൽ വഴിയുള്ള ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന് 198 പേർ ചേർന്നിരുന്നു. ലോഗോസ് ക്വിസിന് 4,83,172 പേർ രജിസ്റ്റർ ചെയ്തു. 2010-ലെ ലോഗോസ് പ്രതിഭ പത്താം ക്ലാസ്സ് വിദ്യാർത്ഥിനിയാണെന്ന യാഥാർത്ഥ്യം വിദ്യാർത്ഥീലോകത്തിനുള്ള ബൈബിൾ സ്നേഹത്തിന്റെ പ്രതീകമായി കണക്കാക്കാവുന്നതാണ്. പാഠ്യവിഷയങ്ങൾ പഠിക്കുന്നതോടൊപ്പം ദൈവത്തിന്റെ വചനവും ശ്രദ്ധയോടെ വായിച്ചുധ്യാനിച്ചു പഠിച്ച് ആചരിക്കുന്ന ശീലം സ്വന്തമാക്കുവാൻ എല്ലാ വിദ്യർത്ഥികളെയും ഞാൻ ക്ഷണിക്കുന്നു.

കോളേജുവിദ്യാർത്ഥികൾക്കായി ദൈവവചന പ്രോഗ്രാമുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. "ദൈവവചനവും സംസ്കാരവും തമ്മിലുള്ള കണ്ടുമുട്ടലിന്റെ ഒരു സവിശേഷ പശ്ചാത്തലം വിദ്യാലയങ്ങളും യൂണിവേഴ്സിറ്റികളുമാണ്" എന്നും അജപാലകർ ഈ മേഖലയിൽ സവിശേഷ ശ്രദ്ധ ചെലുത്തണമെന്നുമുള്ള മാർപാപ്പയുടെ ഓർമ്മപ്പെടുത്തൽ (വെർബും ദോമിനി, 111) നാം കാര്യഗൗരവത്തോടെ എടുക്കേണ്ടതാണ്. കോളേജുകളെയും ഹോസ്റ്റലുകളെയും കേന്ദ്രീകരിച്ച് ഇത്തരം മുന്നേറ്റങ്ങൾ നടത്താൻ രൂപതാ ഡയറക്ടർമാർ മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈ വർഷം മുതൽ ലോഗോസ് ക്വിസിന് on-line രജിസ്ട്രേഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ മെഗാക്വിസിന്റെ വളർച്ചയിലെ നാഴികക്കല്ലാണിത്. വിദേശത്തുള്ള മലയാളികൾക്കും ലോഗോസ് ക്വിസിൽ പങ്കെടുക്കാനുതകുന്ന തരത്തിൽ on-line ക്വിസിനുള്ള സൗകര്യം ഒരുക്കാനായിരിക്കും നമ്മുടെ അടുത്ത ശ്രമം. On-line registrationന്റെ പ്രാരംഭദശയിൽ അല്പം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുമെങ്കിലും ക്രമേണ ഇതു വലിയ അനുഗ്രഹമായി ഏവർക്കും അനുഭവപ്പെടും. അതിനാൽ ഈ സംരംഭത്തോട്

അനുഭാവപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികൾക്കായി ഒരു സചിത്ര ബൈബിൾ 'എന്റെ ഈശോ' എന്ന പേരിൽ പുറത്തിറക്കിയിട്ടുണ്ട്. അതിനു പിന്നിൽ പ്രവർത്തിച്ചവരെ ഹൃദയപൂർവകമായി അഭിനന്ദിച്ചുകൊള്ളുന്നു. ചിത്രങ്ങളുടെ അകമ്പടിയോടെയുള്ള ഈ സംക്ഷിപ്ത ബൈബിൾ കുട്ടികൾക്ക് സമ്പൂർണ ബൈബിളിലേക്കുള്ള പ്രവേശനകവാടമാകട്ടെ!

ജനുവരി 1, 2 തീയതികളിൽ നടന്ന അഖില കേരള ബൈബിൾ കലോത്സവത്തിലും അഖിലകേരള ബൈബിൾ സഹിത്യമത്സരങ്ങളിലും പങ്കെടുത്തു വിജയികളായ എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ! വചനം കല ധരിച്ച ദിനങ്ങളായിരുന്നു അവ. കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും ചിന്തകളും ഭാവനകളും വചനവിഹായുസ്സിൽ മേല്ക്കുമേൽ ഉയരട്ടെയെന്നും വചനത്തിന്റെ കലാധാരണത്തിന് ഉപകരണങ്ങളാകാൻ അവർക്കു കഴിയട്ടെയെന്നും ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ സഭാത്മകമായി ബൈബിളിനെ സമീപിക്കാൻ നമുക്ക് പ്രത്യേകം പരിശീലനം നേടാം. 'വെർബും ദോമിനി' സശ്രദ്ധം വായിച്ചു ചർച്ചചെയ്ത് അതിലെ ആശയങ്ങൾ ഉൾക്കൊള്ളാൻ നമുക്കു പരിശ്രമിക്കാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ഇടവകതലത്തിൽ ബൈബിൾ പ്രതിഷ്ഠ, ബൈബിൾ പ്രഭാഷണങ്ങൾ, റാലി, അഖണ്ഡബൈബിൾപാരായണം തുടങ്ങിയവ സംഘടിപ്പിക്കുന്നതു നന്നായിരിക്കും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മദ്ധ്യേയുള്ള പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭാത്മകമായി ബൈബിൾ വായിച്ചു ധ്യാനിച്ചു വ്യാഖ്യാനിക്കുകയും പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുന്ന ശൈലിയിൽ ആഴപ്പെടാൻ ഈ ബൈബിൾ വാരവും ബൈബിൾ ഞായറും നമ്മെ സഹായിക്കട്ടെ!

സ്നേഹത്തോടെ,

**ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി,
കൊച്ചി.

NB: 2011 ജൂൺ 12-ാം തിയ്യതി ഈ സർക്കുലറിലെ പ്രധാന ആശയങ്ങൾ എല്ലാ ദൈവാലയങ്ങളിലും അന്നേദിവസം ദിവ്യബലിയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ





2011



## BISHOP'S Engagements

**June**

| | | |
|---|---|---|
| 5 | AM | Sacred Heart Church, Rajagiri |
| | PM | Meeting, Pastoral Centre |
| 7-9 | | KCBC Meeting, P.O.C., Kochi |
| 10 | | Meeting, Pastoral Centre |
| 12 | | Sehion Retreat centre, Thavalam |
| 18 | | Meeting, Pastoral Centre |
| 20 | | Abroad |

## From the Bishop's Office

**പ്രാർത്ഥനയിൽ സ്മരിക്കാൻ**
ഫാ. സെബാസ്റ്റ്യൻ തയ്യിൽ മരണ വാർഷികം ജൂൺ 29.

**ബൈബിൾ ഞായർ**
ജൂൺ മാസം 12 മുതൽ 19 വരെ ബൈബിൾ വാരമായും 19-ാം തിയ്യതി ബൈബിൾ ഞായറായും സഭ ആചരിക്കുന്നു. അന്നേ ദിവസം വിശുദ്ധ കുർബാന മദ്ധ്യേയുള്ള സ്തോത്രക്കാഴ്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**വൈദികരുടെ മാസ ധ്യാനം**
ജൂൺ മാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**പത്രോസിന്റെ കാശ്**
മാർപ്പാപ്പയുടെ പരസ്നേഹ പ്രവർത്തങ്ങൾക്കായുള്ള സംഭാവനകൾ ജൂൺ 26-ാം തിയ്യതി ഞായറാഴ്ച സമാഹരിച്ച് തുക രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**സീറോ മലബാർ സഭാദിനം**

ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്രകാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**നന്ദി**

നമ്മുടെ രൂപതയിലെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറുന്ന ഫാ. ഫിലിപ്പ് പാറയ്ക്കൽ MSFSന് നന്ദി.

**വിശ്വാസ പരിശീലന വാർഷാരംഭം**

ജൂൺ 5-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേ ദിവസം ഇടവകകളിൽ മതബോധനദിനമായി ആചരിക്കുമല്ലോ.

**പള്ളികളുടെ വാർഷിക കണക്ക്**

1. ഇൻകംടാക്സ് റിട്ടേൺ അയയ്ക്കാനുള്ളതിനാൽ പള്ളിക്കണക്കുകൾ ഓഡിറ്റിംഗ് നടത്തി ജൂൺ 10ന് മുമ്പ് ബിഷപ്പ് ഹൗസിൽ ഏല്പ്പിക്കണമെന്ന് അറിയിച്ചിരുന്നു. യഥാസമയം റിട്ടേൺ അയച്ചില്ലെങ്കിൽ ഇൻകം ടാക്സ് ഓഫീസിൽ നിന്ന് അന്വേഷണമുണ്ടാകും; കൂട്ടത്തിൽ പിഴയും അടക്കേണ്ടിവരുമെന്ന കാര്യവും സൂചിപ്പിക്കട്ടെ.
2. പള്ളികളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്കൂളുകളുടെ (നഴ്സറി സ്കൂൾ ആയാലും) കണക്കുകൾ പള്ളിക്കണക്കിനോടൊപ്പം ഏല്പ്പിക്കേണ്ടതാണ്. കണക്ക് തയ്യാറാക്കേണ്ട തെരട്ട് ഫോം ബിഷപ് ഹൗസിൽ നിന്നും ലഭിക്കുന്നതാണ്.

## Appointment & Transfer of Priests, w.e.f. 31.05.2011

1. Rev. Fr. Kuttipuzhakkaran Sanil , Vicar, Blessed Mother Church, Kairadi & St. Peter's Church Mankurussy. Chaplain, St. Thomas Convent Kairady & Maira Gorethi Convent, Mankurussy
2. Rev. Fr. Maliekkal George, Vicar, St. Jude Church, Malampuzha Chaplain, Providence Home, Malampuzha
3. Rev. Fr. Kallingal Biju, Vicar, Holy Trinity Church, Thrithwalamala. Chaplain, Holy Family Convent, Thrithwalamala.
4. Rev. Fr. Njonginiyil Mathew, Vicar, St. Pius Xth Church, Olippara.



Chaplain, St. Thomas Convent, Olipara & St. Thomas Convent, Paithala.

5. Rev. Fr. Kannampuzha Jose, Vicar, St. Mary's Church, Palappuram & Shanthinatha Church, Pazhampalakkode. Chaplain, Carmel Mount Convent, Lakkidi
6. Rev. Fr. Mechery Anson, Director, St. Thomas ITC, Kanjirapuzha & Vicar, St. Joseph's Church, Mezhukumpara
7. Rev. Fr. Kunnathettu Joby - on study leave
8. Fr. Pulikkathazha Raju, Vicar, St. Peter's Church, Jellipara.

   Chaplain, Mount Mary Convent, Shehabhavan Convent, St. Paul's Convent, Jellipara
9. Rev. Fr. Vadakkekara Goji, Vicar, St. Mary's Church, Vimalagiri & St. Joseph's Church, Kanjirapuzha Dam. Chaplain, Snehagiri Convent, Vimalagiri
10. Rev. Fr. Puthookkara John, Vicar, Holy Family Church, Chittoor. Chaplian, Vijayamatha Convent, Chittoor.
11. Rev. Fr. Perumattil Antony, Vicar, Immaculate Heart of Mary Church, Keralassery. Chaplian, Holy Family Bhavan, Keralassery.
12. Rev. Fr. Kolankanny Justin, Vicar, St. William's Church, Edathanattukara. St. Joseph's Church, Alanallur. w.e.f. 31.07.2011 Chaplain, St. Thomas Convent, Edathanattukara.
13. Rev. Fr. Ponkattil Binu - on study leave w.e.f. 31.07.2011
14. Rev. Fr. Aloor Jose, St. Antony Church, Walayar, Chaplain, St. Joseph's Convent, Walayar.
15. Rev. Fr. Puthenpura Joshy, Vicar, St. Sebastian Church, Kuravanpadi, St. George Church, Puliyara, Infant Jesus Church, Unnimala. Chaplain, Sacred Convent, Unnimala; Relieved - Executive Director, Marian Charities, Pampampallam
16. Rev. Fr. Vattukulathil Saji - on study leave
17. Rev. Fr. Palathinkal Abraham, Chaplain, St. Dominic's Special School Convent, Perimbadari, Mannarkkad.
18. Rev. Fr. Pulikkottil Joshy, Vicar, St. Sebastian's Church, Njarakode

    Chaplain, Rosary Convent, Kinassery
19. Rev. Fr. Keettikkal Anto -on study leave.
20. Rev. Fr. Kanjirathinkal Renny, Vicar, Divyakarunya Church,

Valuparambu (Additional).

21. Rev. Fr. Pallineerakkal Jaimon, Vice Chancellor, Eparchial Curia
22. Rev. Fr. Puramadathil Jino, Notary, Eparchial Court.
23. Rev. Fr. Kalamattathil Arun, Relieved, Notary, Eparchial Court.
24. Rev. Fr. Kallingal Biju , Relieved, Notary, Eparchial Court.
25. Rev. Fr. Thuruthuvelil Nilesh, Director, CML
26. Rev. Fr. Thekkumkattil Jomy, Director, Holy Childhood
27. Rev. Fr. Plathottam Jinse, Director, KCSL
28. Rev. Fr. Poovathanikunnel Jacob, Notary, Eparchial Court.
29. Rev. Fr. Puthenkalathil Jomon, Joint Director, Yuvakshetra
30. Rev. Fr. Chiriankandath Joju CMI, Vicar, St. Antony's Church, Kozhinjampara.
31. Rev. Fr. Pallai Sabu CMI, Relieved, St. Antony's Church, Kozhinjampara.
32. Rev. Fr. Kalappura Thomas MST, Vicar, St. Joseph's Church, Moochamkundu.
33. Rev. Fr. Vazhathara Antony MST, Relieved, St. Joseph's Church, Moochamkundu.

## Members of Presbyteral Council 2011-2014

**A. Ex-Officio Members**

1. Rev. Msgr. Joseph Chittilapilly (Vicar General)
2. Rev. Fr. Peter Kochupurakkal (Judicial Vicar & Minor Seminary Rector)
3. Rev. Msgr. Joseph Veliyathil (Chancellor)
4. Rev. Fr. Joshy Pulikottil (Procurator)
5. Rev. Fr. Jose Kalluvelil (Vicar, Cathedral)

**B. Elected Members**

**I. On the Basis of Ordination**

1. Rev. Fr. Paul Thottian
2. Rev. Fr. Jose Potteparambil
3. Rev. Fr. Peter Kuruthukulangara
4. Rev. Fr. Abraham Palathinkal
5. Rev. Fr. Jose Ponmani
6. Rev. Fr. George Theruvankunnel



7. Rev. Fr. Shaju Angeveettil
8. Rev. Fr. Vazhayil Mathew
9. Rev. Fr. Ceriyan Anjilimoottil
10. Rev. Fr. Raju Pulickathazhe
11. Rev. Fr. Anson mechery
12. Rev. Fr. Joby Tharaniyil
13. Rev. Fr. Biju Kallingal
14. Rev. Fr. Renny Kanjirathinkal
15. Rev. Fr. Tom Vadakkekara
16. Rev. Fr. Binu Ponkattil
17. Rev. Fr. Jomy Theckumkaattil
18. Rev. Fr. Ceejo Karikkattil

**II. Forane Representatives**

1. Rev. Fr. Martin Thattil (Palakkad)
2. Rev. Fr. Jose P Chittilapally (Kanjirapuzha)
3. Rev. Fr. Jose Cheniyara (Mangalam Dam)
4. Rev. Fr. Vincent Ollukkaran (Mannarkkad)
5. Rev. Fr. Sebastian Mangalan ( Melarkode)
6. Rev. Fr. George Perumbillil (Olavakkode)
7. Rev. Fr. Thomas Vadakkumcherry (Ottapalam)
8. Rev. Fr. Biju Muringakudiyil (Ponnamkode)
9. Rev. Fr. Joison Akkaparambil (Thathamangalam)
10. Rev. Fr. Gilbert Ettonnil (Thavalam)
11. Rev. Fr. Anto Aricattu (Vadakkanchery)

**III. Representatives of Directors of Associations and Apostolates**

1. Rev. Fr. George Thuruthipally
2. Rev. Fr. Nilesh Thuruthuvelil

**C. Nominated Members**

1. Rev. Fr. Dominic Aippenparambil
2. Rev. Fr. Jose Alakkakunnel
3. Rev. Fr. Jacob Mavunkal
4. Rev. Fr. Biju Plathottathil
5. Rev. Fr Thom Kizhakkedath
6. Rev. Fr. Jomis Kodakasseril
7. Rev. Fr. Jaimon Pallineerakkal

# For Information
# മരിയൻ വില്ലേജ്, കഞ്ചിക്കോട്

കഞ്ചിക്കോട് പാമ്പാംപള്ളത്തുള്ള "മരിയൻ ചാരിറ്റീസ്" എന്ന പേരിൽ രജിസ്റ്റർ ചെയ്ത (രജിസ്റ്റർ നമ്പർ. 488/2000) പ്രസിഡന്റിനും ഭരണസമിതി അംഗങ്ങൾക്കും സംഘത്തിന്റെ രക്ഷാധികാരിയായിരിക്കുന്ന (മെമ്മോറാണ്ടം നമ്പർ 7/എ1) ഞാൻ, പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത്, നൽകുന്ന അറിയിപ്പ്.

മരിയൻ വില്ലേജിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ആത്മീയ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും ഒരു വൈദികന്റെ സേവനം നിങ്ങൾക്ക് വേണമെന്നും പ്രസ്തുത വൈദികന് സംഘത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന പദവിയിൽ നിന്നുകൊണ്ട് അനുദിന കാര്യങ്ങൾ നല്ലരീതിയിൽ നടത്തുവാൻ ആവശ്യമായ എല്ലാ സഹായസഹകരണവും സ്വാതന്ത്ര്യവും ഉണ്ടായിരിക്കുമെന്നും സംഘം നേരിട്ടും 12.11.2006ലും 22.03.2007ലും രേഖാമൂലവും എന്നോട് അഭ്യർത്ഥിക്കുകയുണ്ടായല്ലോ. അതു പ്രകാരം കഞ്ചിക്കോട് ഗുഡ് ഷെപ്പേർഡ് പള്ളിയിലെ ബഹു. വികാരിയച്ചന്മാർ അവിടത്തെ കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നുവെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലൊ. അവർക്ക് നിങ്ങളുടെ ചില പ്രവർത്തനരീതികൾമൂലമുണ്ടായ ബുദ്ധിമുട്ടുകൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സാഹചര്യമിതായിരുന്നുവെങ്കിലും ആ സ്ഥാപനത്തിന്റെ നന്മയെ കണക്കിലെടുത്തും നിങ്ങളുടെ തുടർന്നുള്ള അപേക്ഷയെ പരിഗണിച്ചും സംഘത്തിന്റെ നിയമാവലിയിൽ പ്രതിപാദിച്ചിരിക്കുന്ന എക്സിക്യൂട്ടീവ് ഡയറക്ടർ പദവിയിലേക്ക് 25.02.2009ൽ ബഹു. ജോഷി പുത്തൻപുരയിൽ അച്ചനെ ഞാൻ നിയമിക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന് തന്റെ ദൗത്യം നിർവ്വഹിക്കുവാൻ ആവശ്യമായ സഹകരണം ലഭിക്കുന്നില്ല എന്ന പരാതി തുടർന്നും എനിക്ക് ലഭിച്ചുകൊണ്ടിരുന്നു. നിങ്ങളുടെ പ്രവർത്തനരീതിയിൽ കാര്യമായ വ്യത്യാസം വരില്ല എന്നു ബോധ്യപ്പെട്ടതുകൊണ്ട് ബഹു. അച്ചന്റെ സേവനം 2011 മെയ് അവസാനത്തോടെ പിൻവലിക്കുമെന്നും പകരം സംവിധാനത്തെപ്പറ്റി നിങ്ങൾ തന്നെ ആലോചിക്കണമെന്നും 2011 മാർച്ച് 21ന് ഞാൻ നിങ്ങളെ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്. മുൻകൂട്ടി അറിയിപ്പ് നൽകിയത് പകരം സംവിധാനം ഏർപ്പെടുത്താൻ നിങ്ങൾക്ക് സാവകാശം ലഭിക്കുന്നതിനുവേണ്ടിയായിരുന്നു. നേരത്തെ സൂചിപ്പിച്ച പ്രകാരം "മരിയൻ ചാരിറ്റീസിന്റെ" എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കുന്ന ബഹു. ജോഷി പുത്തൻപുരയിൽ അച്ചനെ 2011 മെയ് 31ന് മരിയൻ വില്ലേജിൽ നിന്ന് ഞാൻ പിൻവലിക്കുന്നു. അതോടൊപ്പം "മരിയൻ ചാരിറ്റീസിന്റെ" രക്ഷാധികാരി സ്ഥാനത്തുനിന്ന് ഞാൻ പിൻവാങ്ങുന്നുവെന്നും ഈ കത്തുമൂലം അറിയിക്കുന്നു. തദനുസൃതമായ മാറ്റം സംഘത്തിന്റെ നിയമാവലിയിൽ വരുത്തുന്നതിനുള്ള നടപടികൾ ഒരു മാസത്തിനുള്ളിൽ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനാശംസകളോടെ,

പാലക്കാട്
28 മെയ് 2011

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

*Copy to : Rev. Fr. Joshy Puthenpurayil*
*Editor, Palakkad Rupatha Bulletin*



## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| ആരോഗ്യപുരം | ശ്രീ. തങ്കച്ചൻ പൂവ്വക്കുളം, ശ്രീ. ബെന്നി ഈരൂരിൽ |
| ചിറ്റൂർ (പാലക്കാട്) | ശ്രീ. റപ്പായി തട്ടിൽ, ശ്രീ. ഡേവിസ് അരിക്കാട്ട് |
| എളവംപാടം | ശ്രീ. സണ്ണി കൊലയാംപറമ്പിൽ, ശ്രീ. അല്ലേശു ചുങ്കത്ത് |
| ഇരുമ്പകച്ചോല | ശ്രീ. ജോസി വടയാറ്റുകുഴി, ശ്രീ. കുര്യാക്കോസ് മൈലംവേലിൽ |
| കയറാടി | ശ്രീ. ജെയിംസ് കാഞ്ഞിരമറ്റത്തിൽ, ശ്രീ. വർഗ്ഗീസ് ചുരയ്ക്കാട്ട് |
| കല്ലടിക്കോട് | ശ്രീ. കുര്യൻമാത്യു തുണ്ടിയിൽ,<br>ശ്രീ. ജോണി അല്ലേശു പൊതിപ്പറമ്പിൽ |
| കഞ്ചിക്കോട് | ശ്രീ. പൗലോസ് കോളാട്ടുകുടി, ശ്രീ. ജോൺ അരിമ്പൂർ |
| കരിമ്പ | ശ്രീ. ജോർജ്ജ് ജോസഫ് മംഗലി,<br>ശ്രീ. ആന്റണി കെ. തോമസ് കപ്യാങ്കൽ |
| കരിങ്കയം | ശ്രീ. സോളി ചിറയിൽ, ശ്രീ. ജോയ് ചറവയലിൽ |
| കേരളശ്ശേരി | ശ്രീ. മാത്യു പൊള്ളക്കാട്ടിൽ, ശ്രീ. ജോണി വള്ളിയാനിപ്പുറം |
| കൊഴിഞ്ഞാമ്പാറ | ശ്രീ. ചാക്കോ തോമസ് വട്ടുകുന്നേൽ, ശ്രീ. തോമസ് മട്ടമ്മേൽ |
| മംഗലംഡാം | ശ്രീ. ജോസഫ് തറക്കുന്നേൽ, ശ്രീ. ബാബു പുത്തൻതറ |
| മാങ്കുറുശ്ശി | ശ്രീ. തോമസ് എം.ഡി., ശ്രീ. ജോസഫ് മാവേലി |
| മണ്ണാർക്കാട് | ശ്രീ. ആന്റോ തെക്കിനിയത്ത്, ശ്രീ. മാത്തച്ചൻ കാഞ്ഞിരത്തിങ്കൽ |
| മേലാർക്കോട് | ശ്രീ. വി.എ. വാറുണ്ണി, ശ്രീ. കെ. വി. ജോർജ്ജ് കുളങ്ങര |
| നിരവ് | ശ്രീ. ജോർജ്ജ് മഞ്ഞക്കുന്നേൽ, ശ്രീ. ദേവസ്യ ഔസേപ്പുപറമ്പിൽ |
| ഒലവക്കോട് | ശ്രീ. അലക്സ് തോമസ് മുക്കാട്ടുകുന്നേൽ,<br>ശ്രീ. കെ.റ്റി. കൊച്ചപ്പൻ കൂടാലി |
| ഒലിപ്പാറ | ശ്രീ. ജെയിംസ് കൊച്ചുപാലിയത്തിൽ,<br>ശ്രീ. അഗസ്റ്റിൻ പുളിക്കക്കുന്നേൽ |
| പാലക്കാട് | ശ്രീ. എ.എം. റാഫേൽ, സുരേഷ് വടക്കൻ, സി.ജെ. ജേക്കബ് |
| പാലക്കാട് ടൗൺ | ശ്രീ. ജോസ് മുക്കട, ശ്രീ. ബിജുപോൾ പുതുശ്ശേരി |
| പന്തലാംപാടം | ശ്രീ. തോമസ് ആനമലയിൽ, ശ്രീ. സിബി വള്ളോശ്ശേരി |
| പൊമ്പ്ര | ശ്രീ. ജിമ്മി താന്നിക്കൽ, ശ്രീ. സെബാസ്റ്റ്യൻ പാട്ടിമാവിൽ |
| പൊന്നംകോട് | ശ്രീ. മാത്യു പഴുക്കാത്തറ, ശ്രീ. ടോമി പുന്നയ്ക്കാത്തടത്തിൽ |
| രാജഗിരി | ശ്രീ. തോമസ് കുരിശിങ്കൽ, ശ്രീ. റോയ് പൂന്നോലിൽ |
| തച്ചനടി | ശ്രീ. കുര്യൻതോമസ് പുളിയംപള്ളി, ശ്രീ. തോമസ് കൈതമറ്റം |
| താവളം | ശ്രീ. ജോസി പ്ലാത്തോട്ടത്തിൽ, ശ്രീ. സ്ക്കറിയ ഒട്ടലാങ്കൽ |
| തിരുവിഴാംകുന്ന് | ശ്രീ. തങ്കച്ചൻ തുണ്ടത്തിൽ, ശ്രീ. തോമസ് ചിറകണ്ടത്തിൽ |
| വടക്കഞ്ചേരി | ശ്രീ. ജെയിംസ് കണിയാംപറമ്പിൽ,<br>ശ്രീ. സിറിയക് കുര്യാച്ചൻ കിഴക്കേക്കരതട്ടാംപടവിൽ |
| വയലൂർ | ശ്രീ. ഫിലിപ്പ് കോക്കണ്ടത്തിൽ, ശ്രീ. സേവ്യർ കാറ്റാടിക്കൽ |

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Jul-11 | FRI | Rev. Fr. Mavunkal Jacob |
| 2-Jul-11 | SAT | Rev. Fr. Mechery Anson |
| 4-Jul-11 | MON | Rev. Fr. Murickananickal Santhosh |
| 5-Jul-11 | TUE | Rev. Fr. Muringakudiyil Biju |
| 6-Jul-11 | WED | Rev. Fr. Nalpathamkalam Sumesh |
| 7-Jul-11 | THU | Rev. Fr. Nedumpurath Antony |
| 8-Jul-11 | FRI | Rev. Fr. Njonginiyil Mathew |
| 9-Jul-11 | SAT | Rev. Fr. Olakkengil Viani |
| 11-Jul-11 | MON | Rev. Fr. Ollukaran Vincent |
| 12-Jul-11 | TUE | V. Rev. Fr. Palathinkal Abraham |
| 13-Jul-11 | WED | Rev. Fr. Pallineerakkal Jaimon |
| 14-Jul-11 | THU | Rev. Fr. Paramby Thomas |
| 15-Jul-11 | FRI | Rev.Fr. Parayil Jijo |
| 16-Jul-11 | SAT | Rev. Fr. Perumattil Antony |
| 18-Jul-11 | MON | Rev. Fr. Perumbillil George |
| 19-Jul-11 | TUE | V. Rev. Fr. Plathottathil Biju |
| 20-Jul-11 | WED | Rev.Fr. Plathottathil Jinse |
| 21-Jul-11 | THU | Rev. Fr. Ponmani Jose |
| 22-Jul-11 | FRI | V. Rev. Fr. Potteparambil Jose |
| 23-Jul-11 | SAT | Rev. Fr. Poovathanikunnel Jacob |
| 25-Jul-11 | MON | Rev. Fr. Pulickathazhe Sebastian |
| 26-Jul-11 | TUE | Rev. Fr. Pulikottil Joshy |
| 27-Jul-11 | WED | Rev. Fr. Pullukalayil Reny |
| 28-Jul-11 | THU | Rev.Fr. Puramadathil Jino |
| 29-Jul-11 | FRI | Rev. Fr. Puthenkalathil Jomon |
| 30-Jul-11 | SAT | Rev.Fr. Puthenpurayil Joshy |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**



# വിശ്വാസപരിശീലനവേദി

**വിശ്വാസ പരിശീലന വർഷാരംഭം**

ജൂൺ 5-ാം തിയ്യതി ഞായറാഴ്ച പുതിയ അധ്യയനവർഷത്തിന് ആരംഭം കുറിക്കുന്നു. അന്നേദിനം ഇടവകകളിൽ മതബോധനദിനമായി ആചരിക്കാനും അന്നേദിവസം മുൻകൂട്ടി അറിയിച്ച് സ്തോത്രകാഴ്ച എടുത്ത് പ്രസ്തുത തുക മതബോധന പ്രവർത്തനങ്ങൾക്കായി രൂപതാമതബോധന കേന്ദ്രത്തിൽ എത്തിക്കാനും ശ്രദ്ധിക്കുമല്ലോ.

**ബി.ടി.സി**

വിശ്വാസ പരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കായുള്ള ബേസിക് ട്രെയ്നിംഗ് കോഴ്സ് (ബി.ടി.സി) ജൂൺമാസം 10,11,12 വെള്ളി, ശനി, ഞായർ തിയ്യതികളിലായി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 മുതൽ രാത്രി 10 വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. എല്ലാവരും പാസ്റ്ററൽ സെന്ററിൽ താമസിച്ച് ബി.ടി.സി കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

3 ദിവസത്തെ കോഴ്സിൽ പൂർണ്ണമായും സംബന്ധിക്കുന്നവർക്ക് മാത്രമേ ബി.ടി.സി സർട്ടിഫിക്കററ് ലഭിക്കുകയുള്ളുവെന്ന് ഓർമ്മിപ്പിക്കുന്നു. ബി.ടി.സി സർട്ടിഫിക്കറ്റ് മതബോധനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു അടിസ്ഥാനയോഗ്യതയാണെന്ന് ഓർമ്മിക്കുമല്ലോ. രജി. ഫീസ് 150 രൂപ

**പുസ്തകം പരിചയപ്പെടുത്തൽ**

പുതിയ അധ്യാപകർക്കുള്ള പുസ്തക പരിചയപ്പെടുത്തൽ ബി.ടി.സി. യുടെ രണ്ടാംദിനമായ ജൂൺ 11 ശനി 9.30am to 4.00pm വരെയായിരിക്കും. ഈ വർഷം പുതിയ ക്ലാസ്സുകളിലേക്ക് പഠിപ്പിക്കാൻ പോകുന്ന അധ്യാപകർക്ക് ഞായറാഴ്ച വന്ന് സംബന്ധിക്കാവുന്നതാണ്. പാസ്റ്റൽ സെന്ററിലായിരിക്കും പുസ്തകം പരിചയപ്പെടുത്തൽ നടത്തുക.

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ" പോകുവിൻ പ്രഘോഷിക്കുവിൻ" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. സമസ്തസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരായ നമുക്ക് ഈശോയുടെ ഉത്ഥാനാനുഭവത്തിൽ ഭാഗഭാക്കുകളാകാനും സുവിശേഷാനുസൃതമായ ജീവിതം നയിക്കുവാനും ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 9 | ശനി | 9.30 am to4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| ജൂലായ് 9 | ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 30 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 30 | ചൊവ്വ | 9.30 am to4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 10 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 5 | ബുധൻ | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ.5 | ബുധൻ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**മതാദ്ധ്യാപക ധ്യാനങ്ങൾ**

ഈ വർഷം എല്ലാ ഫൊറോനകളിലും മതാദ്ധ്യാപകർക്കായി ഏകദിന ധ്യാനം സംഘടിപ്പിക്കുന്നതാണ്. ധ്യാനത്തിൽ പങ്കെടുത്ത് ആത്മീയമായി വളരാൻ എല്ലാ മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ധ്യാനങ്ങൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂൺ 4 | ശനി | 9.30 am to 4.00 pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂൺ 11 | ശനി | 9.30.am to 4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പംസ്കൂൾ) |
| ജൂലായ് 9 | ശനി | 9.30 am to 4.pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂലായ് 9 | ശനി | 9.30 am to 4.pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 13 | ശനി | 9.30amto4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |





| | | | |
|---|---|---|---|
| സെപ്റ്റം. 21 | ബുധൻ | 9.30 am to 4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ഒക്ടോ. 26 | ബുധൻ | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| നവംബർ 26 | ശനി | 9.30am to4.00pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ഡിസംബർ 5 | തിങ്കൾ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവ സാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 25 രൂപ. I&II HDC

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും**

| | | | |
|---|---|---|---|
| ജൂലായ് 10 | ഞായർ | 9.30am to4.00pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| ജൂലായ് 17 | ഞായർ | 9.30am to4.00pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 24 | ഞായർ | 9.30am to4.00pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 7 | ഞായർ | 9.30am to4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 14 | ഞായർ | 9.30am to4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 21 | ഞായർ | 9.30am to4.00pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 28 | ഞായർ | 9.30am to4.00pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 4 | ഞായർ | 9.30am to4.00pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |

| | | | |
|---|---|---|---|
| ഒക്ടോ. 9 | ഞായർ | 9.30am to4.00pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 16 | ഞായർ | 9.30am to4.00pm | പാലക്കാട് ഫൊറോന തത്തമംഗലം ഫൊറോന (പാസ്റ്ററൽ സെന്റർ) |

**സാൻജോ ബുക്ക് സ്റ്റാൾ**

സൺഡേ കാറ്റികിസം, ഡെയ്‌ലി കാറ്റികിസം, സന്മാർഗ്ഗശാസ്ത്രം എന്നിവയുടെ പുസ്തകവും മറ്റും വാങ്ങിയവർ ജൂൺ 30 ന് ഉള്ളിൽ കണക്കുകൾ തീർക്കുവാൻ താല്പര്യപ്പെടുന്നു. അവർക്കുമാത്രമേ കൺസെഷൻ ലഭിക്കുകയുള്ളൂ. കുട്ടികൾക്കുള്ള ബാഗ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.

**ജനറൽക്വിസ് 2011-2012**

സൺഡേ കാറ്റികിസം പരീക്ഷകൾ,സ്കൊളാസ്റ്റിക് ടെസ്റ്റ് ക്വിസ്മത്സരങ്ങൾ തുടങ്ങിയവക്കുള്ള ചോദ്യങ്ങൾ അടങ്ങിയ പുസ്തകം 'വിശ്വാസപരിശീലനത്തിനൊരു വഴികാട്ടി' ആവശ്യമുള്ളവർക്ക് സാൻജോ ബുക്ക് സ്റ്റാളിൽ നിന്നോ മതബോധനകേന്ദ്രത്തിൽ നിന്നോ ലഭിക്കുന്നതാണ്. (വില ജൂലൈ 31 വ രെ 25 രൂപ, അതിനുശേഷം 30 രൂപ)

**സ്റ്റാറ്റിസ്റ്റിക്സ് & ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോമും മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലായ് 17 ഞായറാണ്.

**ലോഗോസ് ക്വിസ് 2011**

5 മുതൽ II HDC വരെയുള്ള ക്ലാസുകളിൽ വിശ്വസപരിശീലനം നേടുന്ന എല്ലാകുട്ടികളും മതദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഫീസ് 10 രൂപ യാണ്. കുട്ടികളുടെ ക്ലാസ് കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**നന്ദിയും സ്വാഗതവും**

മതബോധനകേന്ദ്രത്തിന്റെ രൂപതാ ഡയറക്ടറായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച റവ. ഫാ. മാത്യു വാഴയിലിന് വളരെ ഹൃദ്യമായി നന്ദി പറയുന്നു. അതുപോലെ ഫൊറോന ഡയറക്ടർമാരായി വളരെ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ഫാ. ജോൺ പുത്തൂകരക്കും (കാഞ്ഞിരപ്പുഴ), ഫാ.ജോയ് ചീക്കപ്പാറക്കും (മണ്ണാർക്കാട്), ഫാ. ജോമിസ് കൊടകശ്ശേരിക്കും (മേലാർക്കോട്) ഫാ. ബിജു കല്ലിങ്കലിനും (ഒലവക്കോട്) ഫാ. ജെയ്ജിൻ വെള്ളിയാംകണ്ടത്തിലിനും (ഒറ്റപ്പാലം) ഫാ, ബിജു പ്ലാത്തോട്ടത്തിലിനും (പാലക്കാട്) മതബോധന കേന്ദ്രത്തിൽ റീജന്റായി





സേവനം ചെയ്ത ബ്ര. ടോണി അറയ്ക്കലിനും ഹൃദ്യമായി നന്ദി പറയുന്നു.

രൂപതാ ഡയറക്ടറായി പുതിയതായി നിയമിതനായിരിക്കുന്ന ഫാ. ജോമിസ് കൊടകശ്ശേരിക്കും അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. അരുൺ കലമറ്റത്തിലിനും കൂടാതെ ഫൊറോന ഡയറക്ടർമാരായി പുതിയതായി നിയമിതരായിരിക്കുന്ന ഫാ. ജോജി വടക്കേകരയ്ക്കും (കാഞ്ഞിരപ്പുഴ), ഫാ. ജോമി തേക്കുംകാട്ടിലിനും (മണ്ണാർക്കാട്) ഫാ. റെന്നി കാഞ്ഞിരത്തിങ്കലിനും(മേലാർക്കോട്) ഫാ. ജേക്കബ് പൂവത്താനിക്കുന്നേലിനും (പാലക്കാട്), ഫാ. അരുൺ കലമറ്റത്തിലിനും (ഒലവക്കോട്) ഫാ. നീലേഷ് തുരുത്തുവേലിക്കും (ഒറ്റപ്പാലം) ഫാ. ജോഷി ചക്കാലക്കലിനും (മംഗലംഡാം) ഫാ. തോമസ് പറമ്പിക്കും (പൊന്നംകോട്) ഫാ. ജോൺ പുത്തൂകരക്കും (തത്തമംഗലം) പുതിയ റീജന്റായി കടന്നുവന്നിരിക്കുനന ബ്ര. ഷൈജു പരിയാത്തിനും സ്വാഗതവും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**രൂപതാ മതബോധന കൗൺസിൽ**

മതബോധന കൗൺസിൽ മീറ്റിംഗ് ഏപ്രിൽ 30-ാം തിയ്യതി ശനിയാഴ്ച പാസ്റ്ററൽ വച്ച് നടന്നു. അടുത്ത മൂന്ന് വർഷത്തേക്കുള്ള രൂപതാ കൗൺസിൽ അംഗങ്ങൾ ഇതിൽ സംബന്ധിച്ചു. പുതിയ അംഗങ്ങൾക്കെല്ലാം സ്വാഗതം ആശംസിച്ചുകൊണ്ടാണ് മീറ്റിംഗ് തുടങ്ങിയത്. പുതിയ കൗൺസിൽ സെക്രട്ടറിയായി സി. എം. മാത്യു കല്ലടിക്കോട് തിരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ഓരോ ഫൊറോനകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് പുതിയ അധ്യയനവർഷത്തെ പ്രവർത്തനപരിപാടികൾക്ക് രൂപരേഖ തയ്യാറാക്കി. ഈ വർഷത്തെ മതബോധനവിഷയമായി "പോകുവിൻ പ്രഘോഷിക്കുവിൻ" എന്നത് തീരുമാനിച്ചു. സെമിനാറുകളെക്കുറിച്ചുള്ള ചർച്ചകളുമുണ്ടായിരുന്നു. കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ച എല്ലാ അംഗങ്ങൾക്കും നന്ദി.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| ജൂലായ് 2 | ശനി | 10 am to 4 pm | പാലക്കാട് മേഖല (പാസ്റ്ററൽ സെന്റർ) |
| ജൂലായ് 9 | ശനി | 10am to 4pm | വടക്കഞ്ചേരിമേഖല (ചെറുപുഷ്പം സ്കൂൾ) |
| ഒക്ടോ. 26 | ബുധൻ | 10am to 4pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ്ഹാൾ) |

ഒക്ടോ. 26 ബുധൻ 10am to 4pm താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം)

**റെഗുലർ സ്കൂൾ സ്റ്റാറ്റിസ്റ്റിക്സ് & പദ്ധതി**

എല്ലാ സ്കൂളുകളും സ്റ്റാറ്റിസ്റ്റിക്സ് ഫോറവും 2011 -2012അദ്ധ്യായനവർഷത്തിലെ സ്കൂൾ തല വിശ്വാസ പരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതിയും ജൂൺ 30 ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ കൗൺസിൽ മീറ്റിംഗ്**

റെഗുലർ സ്കൂൾ കൗൺസിൽ അംഗങ്ങളുടെയും പ്രധാന അദ്ധ്യാപകരുടെയും മീറ്റിംഗ് ഏപ്രിൽ 30-ാം തിയ്യതി ശനിയാഴ്ച 2.00pm to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. അടുത്ത അദ്ധ്യായനവർഷത്തിലെ സ്കൂൾതല വിശ്വാസ പരിശീലന പരിപാടികളെപ്പറ്റി പരിചിന്തനം ചെയ്യുകയും പൊതുവായ കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തു. Rev. Sr. Roshini CMC യെ കൗൺസിൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




## ബൈബിൾ അപ്പോസ്തലേറ്റ്

**ബൈബിൾ ഞായർ**

ബൈബിൾ ഞായറിന് ഒരുക്കമായുള്ള ബൈബിൾ വാരാചരണം ഈ മാസം ജൂൺ 12 മുതൽ 19 വരെ ആചരിക്കുന്നു. ഈ ബൈബിൾ വാരാചരണത്തിന്റെ അവസാനദിവസമായ 19-ാം തിയ്യതിയാണ് ബൈബിൾ ഞായർ ആചരിക്കുന്നത്. ദൈവവചനത്തിൽ ആഴപ്പെടുന്നതിനും ജീവിതത്തിൽ വചനം ആഴപ്പെടുത്തുന്നതിനും ഈ ബൈബിൾ വാരചരണം ആഹ്വാനം ചെയ്യുന്നു. പള്ളികളിലും, സ്ഥാപനങ്ങളിലും, കുടുംബങ്ങളിലും ഇതോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകളും വചനശ്രവണാവസരങ്ങളും സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്.

**ലോഗോസ് ക്വിസ് 2011**

രക്ഷകനും നാഥനുമായ യേശുക്രിസ്തുവിനെ ആഴത്തിൽ അറിയുക, വി.ഗ്രന്ഥം പ്രാർത്ഥനാപൂർവ്വം പഠിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെയും കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെയും സംയുക്താഭാമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് മലയാളത്തിലും ഇംഗ്ലീഷിലുമായി നടത്തപ്പെടുന്ന വ്യക്തിഗത ബൈബിൾ ക്വിസ് എഴുത്തുപരീക്ഷയാണ് ലോഗോസ് ക്വിസ് 2011.

**ലോഗോസ് ക്വിസ് 2011 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

A. വിഭാഗം-01-01-2000 ന് ശേഷം ജനിച്ചവർ
B. വിഭാഗം-01-01-1995 നും 31.12.1999 നും ഇടക്ക് ജനിച്ചവർ
C. വിഭാഗം-01-01-1980 നും 31.12.1994 നും ഇടക്ക് ജനിച്ചവർ
D. വിഭാഗം-01-01-1960 നും 31.12.1979 നും ഇടയ്ക്ക് ജനിച്ചവർ.
E. വിഭാഗം-31.12.1959 ന് മുമ്പ് ജനിച്ചവർ.

നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്. ഈ വർഷം മുതൽ രജിസ്ട്രേഷൻ ഓൺ ലൈനിലായിരിക്കും. ഒരു ഇടവകയെയോ ഒരു കത്തോലിക്കാ സ്ഥാപനത്തെയോ ഒരു പരീക്ഷാ സെന്ററായി അംഗീകരിക്കുന്നതാണ്. അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2011 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2011 ജൂലായ് 31 നും ആയിരിക്കും. മത്സരത്തിനുള്ള പാഠഭാഗങ്ങൾ.

1. പുറപ്പാട് 16-24
2. മത്തായി 15-28
3. പത്രോസ് എഴുതിയ ഒന്നാം ലേഖനം. പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2011 സെപ്റ്റംബർ 25-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00വരെയായിരിക്കും.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും രൂപതാ ഡയറക്ടർമാർ നവംബർ 1 ന് മുൻപായി പി.ഒ.സിയിൽ എത്തിച്ചിരിക്കണം. രൂപതാതല വിജയികൾക്കായുള്ള (3x5=15) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2011 നവംബർ 27 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയായിരിക്കും.

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ ഷീൽഡുകൾ പുസ്തകങ്ങൾ സ്വർണ്ണമെഡലുകൾ ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖിലകേരളതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.

2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും.

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും

(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന ബാക്കി എല്ലാവർക്കും (450-50=400) ലഭിക്കുന്നതാണ്.

**രൂപതാതലത്തിൽ**

(ഒരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 1000 രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും സർട്ടിഫിക്കറ്റും 7 പേർക്ക് വീതം.

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം

80 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. സെപ്റ്റംബർ 26-ാം തീയതി നടത്തുന്ന രൂപതാതലപരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ ഇടവകയ്ക്ക് നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

രൂപതാ തലത്തിൽ 1, 2, 3 റാങ്ക് ലഭിക്കുന്നവർക്ക് 4, 5 സ്ഥാനം ലഭിക്കുന്നവർക്കും സണ്ടേസ്കൂൾതലം V മുതൽ II HDC വരെയുള്ള ഓരോ ക്ലാസ്സിലെയും 1, 2, 3 സ്ഥാനക്കാർക്കും കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും 100% പരീക്ഷ എഴുതിയ സണ്ടേസ്കൂളുകൾക്കും ട്രോഫിയും സമ്മാനവും നൽകുന്നതാണ്. രൂപതാതല രജിസ്ട്രേഷന്റെ എണ്ണമനുസരിച്ച് സമ്മാനങ്ങളുടെ തുക ക്രമീകരിക്കുവാൻ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർക്ക് അധികാരമുണ്ടായിരിക്കും.

**ഇടവകതലത്തിൽ**

ഒരോ പ്രായ വിഭാഗമനുസരിച്ച് '25 -ന്റെ ഓരോ ഗുണിതത്തിനും (50,75,100,125....) ഒരു സമ്മാനം' എന്ന അനുപാതത്തിൽ എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.





* 50-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 2 പേർക്ക്സമ്മാനങ്ങൾ
* 125- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 5 പേർക്ക് സമ്മാനങ്ങൾ
* 1000- ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 40 പേർക്ക് സമ്മാനങ്ങൾ
* 2000-ൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന കേന്ദ്രത്തിൽ 80 പേർക്ക് സമ്മാനങ്ങൾ
* 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B,C,D,E പ്രായവിഭാഗത്തിലുള്ളവർക്കും കെ.സി.ബി,സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടാതെ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും. അഖിലകേരളതലത്തിലുള്ള സമ്മാനങ്ങൾ നവംബർ 28-ന് അഖിലകേരള മത്സരപരീക്ഷയുടെ സമാപനത്തിൽ ഉച്ചകഴിഞ്ഞ് 5 മണിക്ക് വിതരണം ചെയ്യുന്നതായിരിക്കും.

**ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ കൂടുതൽ സുതാര്യവും, സൗകര്യപ്രദവുമായ രീതിയിലാക്കുന്നതിന് ഈ വർഷം മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആയിരിക്കും എന്ന കാര്യം നിങ്ങളേവരേയും സന്തോഷപൂർവ്വം അറിയിക്കുന്നു. ഡേറ്റാ എൻട്രി സംബന്ധമായ വിവരങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി ഫോറോനാതലത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്. പ്രസ്തുത ക്ലാസ്സിലേക്ക് ഏതെങ്കിലും വിധത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരാളെയെങ്കിലും (പുരുഷൻ/സ്ത്രീ) ഓരോ ഇടവകയിൽ നിന്നും പറഞ്ഞയക്കുവാൻ ഫൊറോന വികാരിയച്ചന്മാരും, കാറ്റിസം ഫൊറോന ഡയറക്ടേഴ്സും വികാരിയച്ചൻമാരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ക്ലാസ്സ് നടക്കുന്ന തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ജൂൺ 4 ശനി | 10.30 am to 12noon | മണ്ണാർക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 4 ശനി | 10.30 am to 12noon | കാഞ്ഞിരപ്പുഴ ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 4 ശനി | 10.30 am to 12noon | പൊന്നംകോട് ഫൊറോന (പാസ്റ്ററൽ സെന്റർ) |

| | | | |
|---|---|---|---|
| ജൂൺ 4 | ശനി | 10.30 am to 12noon | ഒലവക്കോട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 4 | ശനി | 10.30 am to 12noon | ഒറ്റപ്പാലം ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 18 | ശനി | 10.30 am to 12 noon | വടക്കഞ്ചേരി ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 18 | ശനി | 10.30 am to 12 noon | മംഗലം ഡാം ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 18 | ശനി | 10.30 am to 12 noon | മേലാർക്കോട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 18 | ശനി | 10.30 am to 12 noon | തത്തമംഗലം ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 18 | ശനി | 10.30 am to 12 noon | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ജൂൺ 25 | ശനി | 11am to 12.30 pm | താവളം ഫൊറോന (ഫൊറോന പള്ളി) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# ABA അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മൂലമാണ് ആരംഭിക്കുന്നത്. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ?. ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കാൻ ബഹു. വികാരിയച്ചൻമ്മാർ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30ന് ആയിരിക്കുക.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റിംഗ്**

അൾത്താരസംഘം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 18 -ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30am to 4.00pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ചു നടക്കുന്നു. എല്ലാവരും സംബന്ധിക്കണം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.





| | | | |
|---|---|---|---|
| ജൂൺ 25 | ശനി | 9.30 am to 4.00pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ജൂലായ് 16 | ശനി | 9.30am to4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 23 | ശനി | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലായ് 30 | ശനി | 9.30 am to 4.00 pm | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 6 | ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 20 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 27 | ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം. 3 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| സെപ്റ്റം.17 | ശനി | 9.30 am to4.pm | മംഗലംഡാം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.24 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (നെന്മാറ പാരിഷ്ഹൾ) |
| ഒക്ടോ. 15 | ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# ജീസസ് ഫ്രെറ്റേണിറ്റി

**ജീസസ് ഫ്രെറ്റേണിറ്റിയുടെ 16-ാമത് സംസ്ഥാന സമ്മേളന റിപ്പോർട്ട്**

ജീസസ് ഫ്രെറ്റേണിറ്റിയുടെ 16-ാമത് സംസ്ഥാന സമ്മേളനം മെയ് 2,3,4 തിയ്യതികളിൽ ഇരിങ്ങാലക്കുട Aloor BLM ൽ വച്ച് നടന്നു. പാലക്കാട് സോണിനെ പ്രതിനിധീകരിച്ച് സോണൽ ഡയറക്ടർ ഫാ. മാർട്ടിൻ തട്ടിലും സിസ്റ്റേഴ്സുമടക്കം 7 പേർ പങ്കെടുത്തു.

ജീസസ്ഫ്രെറ്റേണിറ്റി ചെയർമാൻ റൈറ്റ്.റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ അദ്ധ്യക്ഷനായിരുന്ന സമ്മേളനം ഇരിങ്ങാലക്കുട രൂപതാദ്ധ്യ

ക്ഷൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. ജീസസ് ഫ്രെറ്റേണിറ്റി സ്ഥാപക വൈദികരെ ആദരിക്കുന്നചടങ്ങിന് നേതൃത്വം നൽകിയത് ബിഷപ്പ് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആയിരുന്നു. ഈ വർഷത്തെ ജീസസ് ഫ്രെറ്റേണിറ്റിയുടെ ആപ്തവാക്യം "തടവറ മക്കളിൽ തിരുമുഖം ദർശിക്കുക" എന്നതാണ്.

പ്രഗത്ഭവ്യക്തികളുടെ അറിവും ആത്മീയതയും അനുഭവ സമ്പത്തും നിറഞ്ഞു നിൽക്കുന്ന നിരവധി ക്ലാസ്സുകളിലൂടെ ജീസസ് ഫ്രെറ്റേണിറ്റിയുടെ ചൈതന്യം മനസ്സിലാക്കാനും ഉൾക്കൊള്ളാനും, അതിനെ ഒന്നുകൂടി ഉജ്ജ്വലിപ്പിക്കാനുതകുന്ന പ്രവർത്തന രീതികൾക്ക് രൂപം കൊടുക്കുവാനും ഫ്രെറ്റേണിറ്റി അംഗങ്ങളെ ഉത്തേജിപ്പിക്കാൻ ഈ മീറ്റിംഗിലൂടെ കഴിഞ്ഞു.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി



## തിരുബാലസഖ്യം

**പ്രവർത്തനവർഷാരംഭം**

തിരുബാലസഖ്യത്തിന്റെ പ്രവർത്തനങ്ങൾ ജൂൺ 1-ാം തിയ്യതി മുതൽ ആരംഭിക്കുന്നു. തിരുബാലസഖ്യത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാനും രൂപതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ അത് പുതുക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എല്ലായൂണിറ്റുകളും രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് ജൂൺ 30-ാം തിയ്യതിക്കുള്ളിൽ രൂപതാകേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

**അധ്യയനവർഷം 2011 - 2012**

പുതിയ അധ്യയനവർഷത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ കുഞ്ഞുമക്കൾക്കും ദൈവാനുഗ്രഹവും ആശംസകളും സ്നേഹപൂർവ്വം നേരുന്നു. ഉണ്ണിശോയുടെ കൈ പിടിച്ച് സ്കൂളിലേക്ക് പോകാൻ ശ്രദ്ധിക്കുക. ഒപ്പം നന്നായി പഠിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്**

തിരുബാലസഖ്യം ആനിമേറ്റേഴ്സിന്റെയും ലീഡേഴ്സിന്റെയും മീറ്റിംഗ് ജൂൺ 18ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുന്നു. ക്യാമ്പിൽ രൂപതയിലെ എല്ലാ ആനിമേറ്റേഴ്സും ലീഡേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.





**സ്വാഗതം**

തിരുബാലസഖ്യത്തിന്റെ പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ജോമി തേക്കുംകാട്ടിൽ അച്ചന് ഹൃദ്യമായ സ്വാഗതം. സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

## കെ. സി. വൈ. എം

### Yeast Youth Empowerment and Spiritual Training Programme

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ തങ്ങളുടെ പങ്കിനെക്കുറിച്ചും സഹകരണത്തെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനും നാളെയുടെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് നമ്മുടെ യുവജനങ്ങളെ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഏകവർഷ പഠനക്ലാസ്സ്. ഇതിലൂടെ ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതരും വളർച്ചയുടെ വിവിധതലങ്ങളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നു. യൂണിറ്റുകളിൽ നിന്നും ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 പേർക്കാണ് പ്രവേശനം. എല്ലാ മാസാവസാന വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.00 മണിക്ക് തുടങ്ങി ശനിയാഴ്ച വൈകുന്നേരം 4.00 മണിക്ക് അവസാനിക്കുന്നു. സഭാവിജ്ഞാനീയം, വി. ബൈബിൾ, ധാർമ്മികത, സഭാനിയമം, സഭയുടെ സാമൂഹ്യപഠനങ്ങൾ, യുവജന മനഃശാസ്ത്രം, നേതൃത്വ പരിശീലനം, ആനുകാലികവിഷയ വിശകലനം, കരിയർ ഗൈഡൻസ് തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നു. എത്രയും പെട്ടെന്ന് കെ.സി.വൈ.എം. ഓഫീസിൽ രജിസ്റ്റർ ചെയ്യുക. ഇടവകയിൽ സജീവമായി പ്രവർത്തിക്കുന്നവർക്കും മതബോധന രംഗത്തുള്ള യുവജനങ്ങൾക്കും ഇത് ഏറെ ഉപകാരപ്രദമാണ്.

**ആക്ടീവ് - 8**

ദൈവസ്നേഹാഗ്നിയാൽ ജ്വലിച്ച് ദൈവാത്മാവിനാൽ നിറഞ്ഞ് ദൈവിക കാര്യങ്ങളിൽ ജ്ഞാനം ഉള്ളവരാകുവാൻ ക്രിസ്തീയപരിശീലനത്തിന്റെ പാഠങ്ങൾ നൽകുന്ന പരിശീലനകളരി. ഉത്തര സഭാമക്കളാണെന്ന് തിരിച്ചറിഞ്ഞ് സമൂഹത്തിന്റെ ചാലകശക്തികളായി രൂപപ്പെടാൻ ഒരുക്കുന്ന പരിശീലന പരിപാടി. കുറവുകൾ നിറവുകളാക്കുന്ന ദൈവിക കാരുണ്യത്തിന്റെ

3 ദിവസങ്ങൾ. പാലക്കാട്, വടക്കഞ്ചേരി, മണ്ണാർക്കാട് എന്നീ മൂന്ന് സോണുകളിലായി ക്രമീകരിക്കുന്ന യുവജനപരിശീലന പരിപാടി. യൂണിറ്റുകളിലെ ഭാരവാഹികൾക്കും നേതൃത്വത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നവർക്കുമുള്ള ഈ ക്യാമ്പിൽ, ഇഗ്നേഷൻ ക്യാമ്പിൽ പങ്കെടുക്കാത്ത ഫൊറോനാഭാരവാഹികൾ ഇതിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫാ. ജെസ്റ്റിൻ OFM Cap (കോഴിക്കോട് പ്രൊവിൻസ്) ആയിരിക്കും ക്യാമ്പിന് നേതൃത്വം നൽകുക.

**ആക്ടീവ് - 8 തിയ്യതികളും ബന്ധപ്പെടേണ്ട വ്യക്തികളുടെ പേരും താഴെ കൊടുക്കുന്നു.**

**വടക്കഞ്ചേരി മേഖല** : വടക്കഞ്ചേരി, മേലാർക്കോട്, മംഗലംഡാം

ജൂൺ 10, 11, 12 തിയ്യതികളിൽ. **റെജി ഡൊമിനിക്. 9946581957**

**പാലക്കാട് മേഖല** : പാലക്കാട്, തത്തമംഗലം, ഒലവക്കോട്, ഒറ്റപ്പാലം.

ജൂൺ 17, 18, 19 തിയ്യതികളിൽ. **ക്ലിന്റോ പോൾ 984655501**

**മണ്ണാർക്കാട് മേഖല** : മണ്ണാർക്കാട്, താവളം, കാഞ്ഞിരപ്പുഴ, പൊന്നംകോട്

ജൂൺ 24, 25, 26 തിയ്യതികളിൽ. **വിനീഷ് പി.ഇ. 9846814636**

എത്രയും പെട്ടെന്ന് നിങ്ങളുടെ മേഖലാഭാരവാഹികളുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് താല്പ്പര്യപ്പെടുന്നു.

**ഇഗ്നേഷ്യൻ 2011**

കേരള കത്താലിക്കാ യുവജനപ്രസ്ഥാനത്തിന്റെ ഫൊറോനകളിൽ ചുക്കാൻ പിടിക്കുന്ന യുവജനങ്ങൾക്കുള്ള പരിശീലനകളരി മെയ് 21, 22, 23, 24 തിയ്യതികളിലായി ധോണി സ്റ്റാർട്ടിൽവച്ച് നടത്തപ്പെട്ടു. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. ടോളി എസ്. ജെയുടെ നേതൃത്വത്തിലുള്ള 3 ജെസ്യൂട്ട് സഹോദരങ്ങൾ ക്യാമ്പിനെ സഹായിച്ചു. ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30 യുവതീയുവാക്കന്മാർക്ക് നേതൃത്വത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും ക്രിസ്തീയ പരിശീലനത്തെക്കുറിച്ചും ആധുനികയുവത്വം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസ്സുകളെടുത്തു. പഠനവും പരിശീലനവും ആനുകാലിക വിശകലനവും ദൃശ്യ ശ്രാവ്യ മാധ്യങ്ങളിലൂടെ നടത്തിയ പരിപാടി ഏവർക്കും നവ്യാനുഭവമായി. പങ്കെടുത്തവർക്കും യുവജനങ്ങളെ ഈ ക്യാമ്പിലേക്ക് അയച്ച അച്ചന്മാർക്കും ആനിമേറ്റർമാർക്കും ഹൃദയംനിറഞ്ഞ നന്ദി.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.







## കുടുംബകൂട്ടായ്മ

പാലക്കാട് രൂപതാ കുടുംബകൂട്ടായ്മയുടെ പ്രഥമജനറൽബോഡി 2011 മെയ് 21ന് പാലക്കാട് കത്തീഡ്രൽ പാരിഷ്ഹാളിൽ അഭിവന്ദ്യ പിതാവ് മാർ ജേക്കബ് മനത്തോടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. സഭയിലും സമൂഹത്തിലും ധാർമ്മികാവബോധം വളർത്താനും പാവപ്പെട്ടവർക്കും വേദനിക്കുന്നവർക്കും സേവനത്തിലൂടെ ആശ്വാസം പകരാനും കഴിയുന്ന വേദിയായി കുടുംബകൂട്ടായ്മകൾ രൂപാന്തരപ്പെടണമെന്ന് പിതാവ് ഉദ്ബോധിപ്പിക്കുകയുണ്ടായി. രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി, കുടുംബ കൂട്ടായ്മാ ഡയറക്ടർ റവ. ഫാ. ഡോ. ജോർജ്ജ് തുരുത്തിപ്പള്ളി, ഒറ്റപ്പാലം നഗരസഭാദ്ധ്യക്ഷ ശ്രീമതി. റാണി ജോസ്, വേലൂർ ഫാമിലി അപ്പോസ്റ്റലേറ്റ് ട്രെയ്നിംഗ് സെന്റർ & റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ റവ. സി. റൂബി ജോസഫ്, രൂപതാ പാസ്റ്ററൽ കൺസിൽ സെക്രട്ടറി ശ്രീ. കെ. പി. ലോറൻസ് എന്നിവർ സംസാരിച്ചു. തുടർന്ന് ഇരിങ്ങാലക്കുട രൂപതാ കുടുംബകൂട്ടായ്മകളുടെ പ്രസിഡന്റ് "കുടുംബയൂണിറ്റുകളുടെ ആവശ്യകതയും എന്ന ലക്ഷ്യവും" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

**ഭാരവാഹികൾ :** റവ. ഫാ. ഡോ. ജോർജ്ജ് തുരുത്തിപ്പള്ളി (ഡയറക്ടർ), ശ്രീ. കെ.പി. ലോറൻസ് (പ്രസിഡന്റ്), അഡ്വ. മിനി ഫ്രാൻസിസ് (വൈസ് പ്രസിഡന്റ്), ശ്രീ. സെസിൽ അബ്രഹാം (സെക്രട്ടറി), ശ്രീമതി ഡോളി ഫ്രാൻസിസ് (ജോ.സെക്രട്ടറി),ശ്രീ. ബാബു എം. മാത്യു (ട്രഷറർ), റവ. സി. പ്രീമ (ആനിമേറ്റർ)

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, കുടുംബകൂട്ടായ്മ



## ഫാമിലി അപ്പോസ്തലേറ്റ്

**1. പ്രീകാനാ- (ജൂൺ 6, 7, 8, 9)**

കോഴ്സ് 6-ാം തിയതി തിങ്കളാഴ്ച 10. മണിക്ക് ആരംഭിച്ച് 9-ാം തിയതി ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കും വ്യാഴാഴ്ച 9.30 മുതൽ 12 മണിവരെ, സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർക്കായി സംഘ

ടിപ്പിച്ചിരിക്കുന്ന ക്ലാസിൽ എല്ലാ മാതാപിതാക്കന്മാരും പങ്കെടുക്കണം. ഇപ്രാവശ്യം പ്രീകാന കോഴ്സ് ധോണിയിലുള്ള START വച്ചാണ് നടത്തപ്പെടുന്നത്. ഒലവക്കോട് റെയിൽവേ കോളനി ബസിൽ കയറി, കോളനിയിൽ ഇറങ്ങി ഒരു Autoഎടുത്താൽ START-ൽ എളുപ്പത്തിൽ എത്താം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| ജൂൺ | 5-10 | വൈദികരുടെ ധ്യാനം. |
| | | ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| ജൂൺ 26 ജൂലായ് 1 | | ആന്തരികസൗഖ്യ വളർച്ചാധ്യാനം. |
| | | ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

ജൂൺ 05 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജൂൺ 19 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.



## പി. എസ്. എസ്. പി.

**ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ്**

01.06.2011 ബുധനാഴ്ച ജില്ലാ വിമെൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പിയിൽ വച്ച് 11 മണിക്ക് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| **തിയതി** | **ദിവസം** | **ബ്ലോക്ക്** | **സ്ഥലം** | **സമയം** |
|---|---|---|---|---|
| 08.06.11 | ബുധൻ | മണ്ണാർക്കാട് | കല്ലടിക്കോട് | 11.00am |
| 09.06.11 | വ്യാഴം | ശ്രീകൃഷ്ണപുരം | ചെട്ടിയങ്ങാടി | 11.00am |
| 10.06.11 | വെള്ളി | ചിറ്റൂർ | പെരുമാട്ടി | 11.00am |
| 10.06.11 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 02.00pm |
| 11.06.11 | ശനി | ആലത്തൂർ | FCCവടക്കുഞ്ചേരി | 11.00am |
| 13.06.11 | ബുധൻ | നെന്മാറ | പാരിഷ് ഹാൾ നെന്മാറ | 11.00am |
| 20.06.11 | തിങ്കൾ | അട്ടപ്പാടി | റീജിയണൽ ഓഫീസ്, ഗൂളിക്കടവ് | 11.00am |

**റീജിയണൽ ഓഫീസ് ദിനങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 11.06.11 | ശനി | ആലത്തൂർ FCC | 11.00 am to 1.00pm |
| 15.06.11 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11.00 am to 1.00pm |
| 16.06.11 | വ്യാഴം | കരിമ്പ പാരിഷ്ഹാൾ | 11.00 am to 2.00pm |
| 20.06.11 | തിങ്കൾ | ഗൂളിക്കടവ് | 11.00 am to 1.00pm |
| 21.06.11 | ചൊവ്വ | സാൻജോ ടവർ, പാലക്കാട് | 11.00 am to 1.00pm |

### LIC Micro Insurance.

സാധാരണക്കാർക്ക് ദീർഘ വീക്ഷണത്തോടെ ഒരു സമ്പാദ്യം മുന്നിൽ കണ്ടുകൊണ്ട് കുറഞ്ഞ പ്രീമിയത്തിൽ ഒരു നിക്ഷേപ പദ്ധതി (ജീവൻ മധുർ) LIC മൈക്രോ ഇൻഷുറൻസുമായി ചേർന്ന് പി.എസ്.എസ്.പി. നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ചേരാനാഗ്രഹിക്കുന്നവരും ഏജന്റായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരും പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**മെഡിക്ലെയിം**

ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്ന ഒരു മെഡി ക്ലെയിം പദ്ധതി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി. നടത്തിവരുന്നു. ഒരു വർഷത്തേക്ക് ഒരു വ്യക്തിക്ക് 300 രൂപയും 5 പേരടങ്ങുന്ന കുടുംബത്തിന് 450 രൂപയും 7 പേരടങ്ങുന്ന കുടുംബത്തിന് 600 രൂപയുമാണ് പ്രീമിയം. വർഷം

30000 രൂപ വരെ ആനുകൂല്യം ലഭിക്കും. 20 വയസ് കഴിഞ്ഞ ആൺകുട്ടികളേയും, വിവാഹം കഴിഞ്ഞ പെൺകുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദനവും വിപണവും**

സോപ്പുകൾ, സോപ്പ് ഉല്പന്നങ്ങൾ, ഫിനോയിൽ, ഹാർപ്പിക്, ചന്ദനത്തിരി, പെയിൻ ബാം, തുള്ളിനീലം എന്നിങ്ങനെ 12 തരം ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണന സാദ്ധ്യതകളും എന്ന വിഷയത്തിൽ 40 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് 2 ദിവസത്തെ പരിശീലനം നൽകുന്നു.

**കുടനിർമ്മാണം**

2 ഫോൾഡ്, 3 ഫോൾഡ് കുടകളുടെ നിർമ്മാണം 20 പഠിതാക്കളുള്ള സ്ഥലങ്ങളിൽ വന്ന് ഒരു ദിവസം കൊണ്ടു പരിശീലിപ്പിക്കുന്നു. വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഗവേണിംഗ് ബോഡി, ജനറൽബോഡി.**

പി.എസ്.എസ്.പി യുടെ ഗവേണിംഗ്ബോഡി മീറ്റിംഗ് ജൂൺ 13 തിങ്കളാഴ്ച രാവിലെ 11 മണിക്കും, വാർഷിക പൊതുയോഗം ജൂൺ 25 ശനി രാവിലെ 11 മണിക്കും പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നതാണ്.

**പരിസ്ഥിതി ദിനാചരണം:**

ജൂൺ 5 ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പി.എസ്.എസ്.പി വിപുലമായ പരിസ്ഥിതി ദിനാചരണ പരിപാടികൾ നടത്തുന്നു. വൃക്ഷതൈ വിതരണം പച്ചക്കറി വിത്ത്, തൈ വിതരണവും ദിനാചരണത്തിന്റെ ഭാഗമായി നടത്തുന്നതാണ്.

**ക്ഷയരോഗനിയന്ത്രണ പരിപാടി**

ഒരു ആരോഗ്യ പ്രശ്നമെന്നതിലുപരി ഒരു സാമൂഹ്യ വിപത്തായ ക്ഷയരോഗത്തിനെതിരെ ജനത്തെ ബോധവത്കരിക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനും സൗജ്യചികിത്സ ലഭ്യമാക്കുന്നതിനും പി.എസ്.എസ്.പി വിപുലമായ പരിപാടികൾ നടത്തിവരുന്നു. ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സുകൾ നയിക്കുവാൻ പി.എസ്.എസ്.പി ടീം സജ്ജമാക്കിക്കഴിഞ്ഞു.

**വിദ്യാഭ്യാസ സഹായം**

പുതിയ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ, പി.എസ്.എസ്.പി യുടെ വിവിധ അയൽക്കൂട്ടങ്ങളിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്ക് വിദ്യാഭ്യാസ വായ്പ നല്കുന്നു.

**സേവ് എ. ഫാമിലി പ്ലാൻ**

സേവ് എ.ഫാമിലി പ്ലാൻസ്പോൺസർമാരുടെ കൂട്ടായ്മയും ട്രെയിനിംഗും മെയ് 28 ശനിയാഴ്ച രാവിലെ 10. 30 മുതൽ അഗളി ഫാത്തിമമാതാ





കോംപ്ലക്സിലുള്ള പി.എസ്.എസ്.പി റീജണൽ ഓഫീസിൽ വച്ച് നടത്തപ്പെടുന്നു അന്നേദിവസം പരിഷ്കരിച്ച ബേസ്ലൈൻ ഫോമിന്റേയും വാർഷിക പ്ലാനിംഗിന്റേയും പരിശീലനം നൽകുന്നതാണ്. അട്ടപ്പാടി മേഘലയിലെ എല്ലാ സ്പോൺസർമാരും പങ്കെടുക്കുവാൻ താത്പര്യപ്പെടുന്നു.

# KERALA LABOUR MOVEMENT

**കത്തോലിക്ക സഭയുടെ സാമൂഹ്യ സുരക്ഷക്കായി പ്രത്യേക പദ്ധതി 'സുരക്ഷ'**

കേരളത്തിലെ കത്തോലിക്ക സഭയുടെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവർ, ദേവാലയങ്ങളിലെ വിവിധ ശുശ്രൂഷികൾ എന്നിവരുടെ സാമൂഹ്യ സുരക്ഷക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു. കേരള കാത്തോലിക് ബിഷപ്സ് കൗൺസിൽ' സുരക്ഷ' എന്ന പദ്ധതി നടപ്പിലാക്കാൻ കേരള ലേബർ മൂവ്മെന്റിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ലൈഫ് ഇൻഷുറൻസ്,റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ എന്നിവയാണ് 'സുരക്ഷ' പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ 'സ്വാവലംബൻ' പദ്ധതിയുടെ ആനുകൂല്യംഇതിൽ ഉൾച്ചേർച്ചിട്ടുണ്ട്. എൽ.ഐ.സിയുടെ ലൈഫ് ഇൻഷുറൻസ് സ്കീമിലാണ് ഉൾപ്പെടുത്തി സാധാരണ മരണത്തിന് 30,000 രൂപയും അപകട മരണത്തിന് 75,000 രൂപയും ആശ്വാസധനമായി അവകാശിക്ക് ലഭിക്കും. അപകടത്തിന്റെ ഭാഗമായി പൂർണ്ണമായ തളർച്ച ബാധിച്ചാലും 75,000 രൂപ സഹായ ധനമായി ലഭിക്കുന്നതാണ്. 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ ഫണ്ടിൽ അംഗത്തിന്റെ അക്കൗണ്ടിലുള്ള തുകയുടെ 40% വരെ പരമാവധി പിൻവലിക്കാവുന്നതാണ്. ബാക്കിയുള്ള തുകയുടെ ആനുപാതീകമായി പ്രതിമാസ പെൻഷൻ ലഭിക്കും. ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 1000 രൂപയായിരിക്കും. ഈ പരിധി കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുതുക്കിനിശ്ചയിച്ചിരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഒരു ജീവനക്കാരന് 60 വയസ്സാകുന്നതിന് മുമ്പ് പെൻഷൻ പദ്ധതിയിൽ നിന്നും വിരമിക്കാവുന്നതാണ്. ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1000 രൂപ പ്രതിമാസ പെൻഷൻ ലഭിക്കാനാവശ്യമായ തുക കഴിച്ച് ബാക്കിയുള്ള സംഖ്യ ലഭിക്കുന്നതാണ്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരണപ്പെട്ടാൽ കുടുംബപെൻഷൻ ലഭിക്കുന്നതായിരിക്കും. കുടുംബപെൻഷൻ ആവശ്യമില്ലാത്തവർക്ക് അക്കൗണ്ടിലുള്ള തുക തിരികെ ലഭിക്കുന്നതാണ്. 18 വയസ്സുമുതൽ 54 വയസ്സുവരെയുള്ള സഭാസ്ഥാപനങ്ങളിലെ ജീവനക്കാർ,ദേവാലയ ശുശ്രൂഷികൾ എന്നിവർക്ക് അംഗത്വം എടുക്കാം. കേന്ദ്ര സർക്കാർ പ്രൊവിഡന്റ് ഫണ്ടിൽ

അംഗത്വം ഇല്ലാത്തവരായിരിക്കണം. കേന്ദ്ര സർക്കാരിന്റെ പെൻഷൻഫണ്ട് അതോറിറ്റി മുമ്പാകെ അംഗങ്ങൾ കെ.എൽ.എം വിഫ് വഴി രജിസ്റ്റർ ചെയ്യ ണം. 50 രൂപയാണ് അംഗത്വ ഫീസ്. തൊഴിലെടുക്കുന്ന സ്ഥാപനം വഴി ജീവനക്കാരന്റെ മേൽവിലാസത്തിൽ തന്നെ രജിസ്റ്റർ ചെയ്യാം. മൂന്നു സെറ്റ് ഫോറങ്ങൾ പൂരിപ്പിച്ചു നൽകണം. രജിസ്റ്റർ ചെയ്യപ്പെട്ടതിനുശേഷം സുര ക്ഷയുടെ അംഗത്വ കാർഡും, സർക്കാരിന്റെ പ്രാൺ(ജഞച) കാർഡും ഓരോ അംഗത്തിനും ലഭിക്കുന്നതാണ്.

അസംഘടിത് തൊഴിലാളികൾ ഈ പദ്ധതിയിൽ ചേരുവാൻ താത്പ ര്യമുള്ളവർ കെ.എൽ.എം (പി.എസ്.എസ്.പി) ഓഫീസിൽ ബന്ധപ്പെടുക. 'സുരക്ഷ'യിലേക്കും കെ.എൽ.എം ന്റെ വിവിധ വർക്കേഴ്സ് ഫോറങ്ങളി ലേക്കും അസംഘടിത തൊഴിലാളികളെ ചേർക്കുന്നതിന് 12.6.2001 ന് രാജ ഗിരി സേക്രട്ട് ഹാർട്ട് പള്ളിയിലും 19.6.11 ന് മംഗലം ഡാം ലൂർദ്ദ് മാത ഫൊറോന പള്ളിയിലും രാവിലെ 10 മണിമുതൽ നടത്തപ്പെടുന്നതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.



## മാതൃസംഘം

**ജൂൺ 2011**

- വിശ്വാസ പരിശീലനവേദിയിലെ അമ്മമാരുടെ സാന്നിധ്യം
- ഭവനങ്ങളിലെ ഹോസ്റ്റൽ സംസ്കാരം
- വിദ്യാഭ്യാസ സഹായനിധി തുടങ്ങുക.
- പരിതസ്ഥിതി അവബോധം അമ്മമാരിൽ, പ്രപഞ്ചം 2010 പദ്ധതിയുടെ പരിപാലനം
- മക്കൾക്ക് വസ്ത്രങ്ങളും ആഭരണങ്ങളും തിരഞ്ഞെടുപ്പിൽ അമ്മമാരുടെ പക്വമായ തീരുമാനവും നിർദ്ദേശങ്ങളും.
- കാലഘട്ടത്തിലെ ഫാഷൻഭ്രമവും സ്ത്രീപീഢനങ്ങളും - ബന്ധിതമോ?

**ജൂലൈ 2011**

- ജൂലൈ 30 ശനി മാതൃസംഘം അർദ്ധവാർഷിക ജനറൽ ബോഡി
- അർദ്ധവാർഷിക റിപ്പോർട്ട് അവതരണം
- മാതൃസംഘം യൂണിറ്റുതല ഏകദിനസെമിനാർ, യൂണിറ്റ് രൂപീകരണ ദിനാനുസ്മരണവും മുൻകാല ഭാരവാഹികളെ ആദരിക്കലും.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം







## നവീകരണ മുന്നേറ്റം

കഴിഞ്ഞ രണ്ടുവർഷക്കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച എല്ലാ പി.എസ്.ടി. അംഗങ്ങൾക്കും ഹൃദയംനിറഞ്ഞ നന്ദി. പുതിയ സർവ്വീസ് അംഗങ്ങൾക്ക് എല്ലാവിധ പ്രാർത്ഥനാശംസകളും.

**പാലക്കാട് സോണിന്റെ സർവ്വീസ് ടീം നേതൃത്വം**

| | |
|---|---|
| ഫ്രാങ്കോ ജോസഫ് | കോ- ഓർഡിനേറ്റർ (ആലത്തൂർ) |
| ബെന്നി കെ. എസ്. | സെക്രട്ടറി (ഒലിപ്പാറ) |
| വിൽസൺ | ട്രഷറർ (ചക്കാന്തറ) |
| ബിജു | (മുണ്ടൂർ) |
| ഡോ. ടോണി | (ചിറ്റൂർ) |
| ജോളി എബ്രഹാം | (കോയമ്പത്തൂർ) |
| മഞ്ജിത ടോണി | (ചിറ്റൂർ) |
| മരിയ ജോസഫ് | (ചിറ്റിലഞ്ചേരി) |
| ബീന ജോസഫ് | (ഒലവക്കോട്) |
| തോമസ് തേക്കാനത്ത് | എക്സ് ഓഫീഷ്യോ (ഇളവംപാടം) |
| സി. ഷൈനി ജോസ് | എഫ്.സി.സി. |
| ജിൻസൺ | യൂത്ത് പ്രതിനിധി (കോയമ്പത്തൂർ) |

മെയ് 27 വെള്ളിയാഴ്ച രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5.00 മണിവരെ പാലക്കാട് കത്തീഡ്രൽ പള്ളിയിൽവച്ച് ജാഗരണപ്രാർത്ഥന ഉണ്ടാ യിരിക്കുന്നതാണ്. അന്നുതന്നെ രാവിലെ 9.30 മുതൽ ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# From the Bishop's Diary

**2011 ഏപ്രിൽ**

26 – പാലന ആശുപത്രിയിൽ മണ്ണാർക്കാട് റോട്ടറി ക്ലബ്ബ് സമ്മാനിച്ച ഡയാലിസീസ് മെഷീൻ വെഞ്ചരിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– പാസ്റ്ററൽ സെന്ററിൽ ക്രിസ്റ്റീൻ ധ്യാനത്തിന് സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

27 – പുതുതായി നിർമ്മിച്ച കടപ്പാറ സെന്റ് മേരീസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. വി. കുർബാനയർപ്പിച്ചു.

– ആലുവ മംഗലപ്പുഴ സെമിനാരി സന്ദർശിച്ചു.

28 – നെടുമ്പ്രക്കാട് സെന്റ് തോമസ് ദൈവാലയത്തിൽ ഡീക്കൻ തോമസ് വർക്കി കോട്ടൂർചാണിയിലിന് തിരുപ്പട്ടം നൽകി.

29 – രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

30 – പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

– മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെട്ട യുവക്ഷേത്ര ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

**2011 മെയ്**

1 – നെന്മാറ ക്രൈസ്റ്റ് ദി കിംഗ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

– പാലക്കാട് സെഹിയോൻ ടെലിവിഷന്റെ പുതിയ വീഡിയോ എഡിറ്റിംഗ് ലാബ് വെഞ്ചരിച്ചു.

– വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോനപള്ളിയിൽ കെ.എൽ.എം ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല തൊഴിലാളി ദിനാചരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

2 – മലമ്പുഴ ഹോളി ഫാമിലി പ്രൊവിഡൻസ് കോൺവെന്റിൽ സി. പ്രുഡൻഷ്യയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.





3 – തൃശ്ശൂർ അമല ആശുപത്രിയിലും ജൂബിലി മിഷൻ ആശുപത്രിയിലും രോഗീസന്ദർശനം നടത്തി.

4 – പാലക്കാട് സെറാഫിക് പ്രൊവിൻസിലെ റവ. സി. പ്രീമൂസ്, റവ. സി. ഔറിയ, റവ. സി. ബേസിൽ, റവ. സി. അബ്ദിയാസ് എന്നിവരുടെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി. കുർബനയർപ്പിച്ചു.

– ധോണി സ്റ്റാർട്ടിൽ നടന്ന പ്രീ– കാനാ കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

– താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ ധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി. തുടർന്ന് പുതുതായി നിർമ്മിച്ച ബ്ലോക്ക് വെഞ്ചരിച്ചു.

5 – ബഹു. ഫാ. തോമസ് അരിശ്ശേരിയുടെ പിതാവിന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

– മുണ്ടൂർ വിമൽറാണി പ്രൊവിൻസിലെ രണ്ട് സന്യാസാർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാന ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

6 – സമരിറ്റൻ സിസ്റ്റേഴ്സിന്റെ വേലന്താവളത്തെ സാന്ത്വന ഹെൽത്ത് കെയർസെന്റർ ആശീർവ്വദിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

– വേലന്താവളം സി.എം.ഐ. നൊവീഷ്യേറ്റ് ഹൗസിൽ (അരുൾ ഇല്ലം) വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

7 – പാലക്കാട് ജെയ്ക്രിസ്റ്റോ പ്രെവിൻസിലെ നവസന്യാസാർത്ഥിനി സുമോണിന്റെ പ്രഥമവ്രതവാഗ്ദാന ശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു. റവ. സി. ഔൾഗ, റവ. സി. സാനിറ്റാസ്, റവ. സി. ജോസ്സീന, റവ. സി. മേരി ലിവീന, റവ. സി. ഫ്ളോസില്ലസ്, റവ. സി. ഓസിയ എന്നിവരുടെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വി. കുർബനയർപ്പിച്ചു.

– സീറോ — മലബാർ അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും ഇണ്ടോർ രൂപതാദ്ധ്യനായ ബിഷപ്പ് ചാക്കോ തോട്ടുമാരിക്കലും അരമന സന്ദർശിച്ചു.

– ചേർത്തല കോടംതുരുത്ത് സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു.

8 – വാൽക്കുളമ്പ് സെന്റ് ആന്റണീസ് ഇടവക ദേവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി,

വിശുദ്ധകുർബാനയർപ്പിച്ചു.

- ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയം സന്ദർശിച്ചു.

9 - ചീനിക്കപ്പാറയിൽ സിസ്റ്റേഴ്സ് ഓഫ് നസറത്ത് സന്യാസസമൂഹത്തിന്റെ പുതിയ മഠം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

10 - അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

- എപ്പാർക്കിയൽ കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

11 - എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ കാർഡിനൽ വർക്കി വിതയത്തിൽ പിതാവിന്റെ നാൽപ്പത്തിയൊന്നാം ചരമദിനത്തോടനുബന്ധിച്ച തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചു.

12 - പാസ്റ്ററൽ സെന്ററിൽ ജെ.എസ്.എസ്. സംഘടിപ്പിച്ച വിവിധ തൊഴിൽ പരിശീന കോഴ്സുകളിൽ വിജയിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം ഉദ്ഘാടനം ചെയ്തു.

- വള്ളിയോട് ക്ലാരിസ്റ്റ് ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ദ മോസ്റ്റ് ബ്ലസ്സഡ് സാക്രമെന്റ് സന്യാസിനി സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച മഠം വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

13 - പാലക്കാട് സെറാഫിക് പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സിനാക്സിസിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- കഞ്ചിക്കോട് അസ്സീസി ഫോർമേഷൻ ഹൗസിൽ നൊവീസ്സസിനും നിത്യവ്രത വാഗ്ദാനം ചെയ്യാനുള്ളവർക്കും ക്ലാസ്സെടുത്തു.

14 - പാലക്കയം സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- കരിമ്പ ലിറ്റിൽ ഫ്ളവർ ഇടവക ദൈവാലയം സന്ദർശിച്ചു.

- എടത്തനാട്ടുകര സെന്റ് വില്യംസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

15 - വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫൊറോന ദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

16 - മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ മേജർ സെമിനാരി സ്റ്റാഫിനുവേണ്ടി നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- വളമംഗലം സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ ഒരു മൃതദേഹ സംസ്ക്കാരശുശ്രൂഷക്ക് കാർമ്മികത്വം വഹിച്ചു.

17 - ഈ വർഷം രൂപതാ മൈനർ സെമിനാരിയിലേക്കുള്ള പ്രവേശനാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

- മുണ്ടൂർ മേരിലാന്റിൽ ഹോളിഫാമിലി സന്യാസസമൂഹത്തിലെ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

18 - അഗളിയിൽ പി.എസ്.എസ്.പിയുടെ മേഖലാ ഓഫീസും ജെ.എസ്.എസിന്റെ തൊഴിൽ പരിശീലനകേന്ദ്രം വെഞ്ചരിച്ചു. തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു.

- താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ പൊതുധ്യാനത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- സീങ്കര സെന്റ് ജോർജ്ജ് കോൺവെന്റിൽ ജൂനിയർ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

19 - രൂപതയിലെ സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

20 - തൃശ്ശൂർ അതിരൂപതയുടെ ശതോത്തരജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു.

21 - മലമ്പുഴ സെന്റ് ജൂഡ് ഇടവകദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധകുർബാനയർപ്പിച്ചു.

- കത്തീഡ്രൽ സ്കൂൾ ഹാളിൽവച്ച് നടത്തപ്പെട്ട കുടുംബകൂട്ടായ്മകളുടെ രൂപതാജനറൽബോഡി ഉദ്ഘാടനം ചെയ്തു.

- വള്ളിയോട് ആശുപത്രിയിൽ രോഗീസന്ദർശനം നടത്തി.

- അരമനയിൽ സെഹിയോൻ ട്രസ്റ്റ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

22 - പട്ടാമ്പി സെന്റ് പോൾസ് ഇടവക ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി, വിശുദ്ധ കുർബാനയർപ്പിച്ചു.

- ആനക്കല്ല് സെന്റ് ജോസഫ് ദൈവാലയത്തിന്റെ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ച് തിരുനാൾ കുർബാനയർപ്പിച്ചു.